www.malankaralibrary.com



# വത്തിക്കാൻ തരംഗം

Vol No.33 No.1 January 2023 കെസിബിസി മീഡിയ

**അധ്യാപകർക്ക് വേണ്ടി പ്രാർത്ഥിക്കാം**

അദ്ധ്യാപകർ വിശ്വസനീയമായ സാക്ഷികളായിരിക്കണമെന്നും മത്സരത്തേക്കാൾ സാഹോദര്യം പഠിപ്പിക്കുകയും എല്ലാറ്റിനുമുപരിയായി ഏറ്റവും പ്രായം കുറഞ്ഞവരെയും ദുർബലരെയും സഹായിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

- ഫ്രാൻസിസ് പാപ്പയുടെ പ്രാർത്ഥനാനിയോഗം ജനുവരി 2023

Rs.5.00

www.malankaralibrary.com






# പുസ്തക പ്രകാശനം

സി. ഡോ. പ്രഭ ഗ്രെയ്സ് സി.എം.സി

എഴുതിയ

## ഒളിമിന്നും താരകം
## വിശുദ്ധ ജോസഫ്




2023 ഫെബ്രുവരി 5 ഞായറാഴ്ച വൈകുന്നേരം 4 മണിക്ക്
എറണാകുളം സി.എം.സി. വിമല പ്രൊവിൻഷ്യലേറ്റിലെ
പ്രയർ ഹാളിൽ വച്ച് പ്രകാശനം ചെയ്യുന്നു.

അദ്ധ്യക്ഷ പ്രസംഗം: ഫാ.ഡോ.എബ്രാഹം ഇരിമ്പിനിക്കൽ
(സെക്രട്ടറി, KCBC മീഡിയ കമ്മീഷൻ)



പ്രകാശനകർമ്മം നിർവഹിക്കുന്നത്: സി.ലിറ്റിൽ ഫ്ളവർ സി.എം.സി.
(പ്രൊവിൻഷ്യൽ സുപ്പീരിയർ സി.എം.സി. വിമല പ്രൊവിൻസ് )



പുസ്തകം ഏറ്റുവാങ്ങുന്നത് : ശ്രീ. ജോസഫ് ആക്കനത്ത്
(പാസ്ക്കൽ പ്രയർ ഗ്രൂപ്പ്)

പ്രസാധനം , വിതരണം:
KCBC Media Commission
KCBC SECRETARIAT (POC), KOCHI 682025

**ഏവർക്കും സ്വാഗതം**

# വത്തിക്കാൻ തരംഗം
# VATHICAN THARANGAM

January- 2023
RN. 55 178/94
പുസ്തകം- 33

Monthly
ലക്കം-01

malankaralibrary.com

## ഉള്ളടക്കം


- എഡിറ്റോറിയൽ... 4
- വിവേചനപൂർണ്ണമാകണം...5
- ലോകസമാധാനം തകർക്കുന്നു ... 13
- സ്നാപകന്റെ സാക്ഷ്യത്തിലെ ... 19
- ആത്മാവിന്റെ നിശ്വാസ നിറവിനാൽ ... 22
- ദൈവത്തിന്റെ പ്രിയർക്ക് ... 24
- ഹൃദയങ്ങളിൽ തുളുമ്പണം ... 26
- വിശ്വസിച്ചാൽ വിജയിക്കാം ... 28
- രൂപതാതലത്തിൽ നിന്ന് ... 31
- ലോകഭൂപടത്തിൽ ... 33
- പൊന്തിഫിക്കൽ പദവി ... 36
- മീഡിയ ഫോട്ടോ ആൽബം ... 37
- വാർത്തയും ചിന്തയും ... 38



*മുഖ്യരക്ഷാധികാരി*
- ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി

*രക്ഷാധികാരികൾ*
- ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ
- ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്

*ചീഫ് എഡിറ്റർ* • ഡോ. എബ്രാഹം ഇരിമ്പിനിക്കൽ
*എഡിറ്റർ* • ആന്റണി ചടയംമുറി

*പത്രാധിപസമിതി*
- ഫാ. ജേക്കബ്ബ് ജി. പാലയ്ക്കാപ്പിള്ളി
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* • അഡ്വ . റെനിൽ ആന്റോ
*ലേ ഔട്ട് & ഡിസൈൻ* • മനു ആന്റണി



Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656

www.malankaralibrary.com



# 'നിന്നിൽ' പ്രകാശമുണ്ടാകട്ടെ, അപ്പോൾ 'നമുക്കു' ചുറ്റും പ്രകാശമുണ്ടാകും...

2023 ഫെബ്രുവരി 24 ആകുമ്പോൾ ഉക്രെയിൻ – റഷ്യ സംഘർഷം ആരംഭിച്ചിട്ട് ഒരു വർഷം തികയും. യുദ്ധം അവസാനിപ്പിക്കണമെന്ന ഫ്രാൻസിസ് പാപ്പയടക്കമുള്ള ലോകനേതാക്കളുടെ ആഹ്വാനം റഷ്യൻ പ്രസിഡണ്ട് വ്ളാദിമിർ പുടിൻ ഇതേവരെ ചെവിക്കൊണ്ടിട്ടില്ല.

ഈ വർഷത്തെ സമാധാനദിന സന്ദേശത്തിൽ യുദ്ധത്തെ ഭീകര വൈറസെന്നാണ് മാർപ്പാപ്പ  വിശേഷിപ്പിച്ചിട്ടുള്ളത്. യുദ്ധം പൊട്ടിപ്പുറപ്പെടുന്നത് ദുഷിച്ച മനുഷ്യഹൃദയത്തിൽ നിന്നാണെന്ന് പാപ്പ വിലപിക്കുന്നുണ്ട്. നിർദ്ദോഷികൾ ഉക്രെയിനിൽ വേട്ടയാടപ്പെടുകയാണെന്നും കരുണാപൂർണ്ണമായ മനോഭാവങ്ങൾ രാഷ്ട്രനേതാക്കളും അന്താരാഷ്ട്ര സമൂഹവും പുലർത്തേണ്ടതുണ്ടെന്നും പാപ്പ  സന്ദേശത്തിൽ പറയുകയുണ്ടായി.

പൊതുനന്മയും പൊതുഭവനമായ ഭൂമിയും പാപ്പയുടെ ഈ സന്ദേശത്തിൽ ഇടം പിടിച്ചിട്ടുണ്ട്. പാപ്പ പറയുന്നു: നമ്മുടെ സമൂഹത്തിന്റെയും പ്രപഞ്ചത്തിന്റെയും സൗഖ്യത്തിനായി പ്രവർത്തിക്കേണ്ട സമയമാണിത്"



ദൈവാശ്രയത്തിന്റെ സമൃദ്ധമായ പച്ചപ്പുൽമേട്ടിലേക്ക് ലോകം കൈകോർത്തു നീങ്ങണമെന്നും, മനുഷ്യരിലെ എല്ലാ വ്യത്യസ്തതകളും വൈജാത്യങ്ങളും അലിയിച്ച് ഇല്ലാതാക്കാൻ ദൈവ കരുണ നമ്മെ സഹായിക്കുമെന്നും പാപ്പ പ്രത്യാശിക്കുന്നു. 'എനിക്ക്" ചുറ്റും പ്രത്യാശയുടെ പ്രകാശം പരത്താൻ 'ഞാൻ' തീരുമാനമെടുക്കുമ്പോൾ ആ തീരുമാനം കുടുംബങ്ങളെയും സമൂഹങ്ങളെയും ലോകത്തെ തന്നെയും പ്രകാശപൂരിതമാക്കാൻ വഴിയൊരുക്കുകയാണ്.

**ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ

www.malankaralibrary.com



# വിവേചന പൂർണ്ണമാകണം നിർമ്മിത ബുദ്ധി പ്രയോഗം: ഫ്രാൻസിസ് മാർപാപ്പ

**ബാബു കദളിക്കാട്**

SPECIAL REPORT



**വത്തിക്കാൻ സിറ്റി:** വിവര സാങ്കേതിക വിദ്യയുടെ അതിപ്രസരത്തിൽ വർദ്ധിച്ചു വരുന്ന നിർമ്മിത ബുദ്ധി വിനിയോഗം സമൂഹത്തിലെ ദുർബല വിഭാഗങ്ങളെയും പ്രത്യേകിച്ച് അഭയാർത്ഥികളെയും ഏറെ പ്രതികൂലമായി ബാധിക്കുന്നതിൽ ആശങ്ക പങ്കിട്ട് ഫ്രാൻസിസ് മാർപാപ്പ. 'ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സ്വാധീനം ദൈനംദിന ജീവിതത്തിലെ എല്ലാ മേഖലകളിലും കൂടുതലാവുകയാണ്. ഒരാളുടെ ജീവിതത്തെയും ഭാവിയെയും കുറിച്ചുള്ള തീരുമാനം ഒരു അൽഗോരിതത്തെ ഏൽപ്പിക്കുന്നത് അംഗീകരിക്കാനാവില്ല. തീരുമാനങ്ങൾ എടുക്കുന്നതിനും അത് കൂടുതലായി ഉപയോഗിക്കപ്പെടുന്നു.'

ശാസ്ത്രപരമായ ഏതെങ്കിലും ഒരു പ്രശ്നത്തിന്റെ നിർദ്ധാരണത്തിന് ഉപയോഗിക്കുന്ന ക്രിയകളുടെ ശ്രേണിയാണ് അൽഗോരിതം. ജീവനുവേണ്ടിയുള്ള പൊന്തിഫിക്കൽ അക്കാദമിയിൽ നവോത്ഥാന ഫൗണ്ടേഷന്റെ മേൽനോട്ടത്തിൽ തയ്യാറാക്കിയ 'നിർമ്മിത ബുദ്ധിയുടെ നൈതികതയ്ക്കുള്ള റോം ആഹ്വാനം' (Rome Call for Artificial Intelligence) എന്ന രേഖ, യഹൂദ-ക്രൈസ്തവ-ഇസ്ലാം എന്നീ മൂന്ന് അബ്രഹാമിക മതങ്ങളുടെ പ്രതിനിധികൾ വത്തിക്കാനിൽ ഒപ്പുവച്ച സമ്മേളനത്തിൽ പങ്കെടുത്തവരടങ്ങിയ നൂറോളം പേരെ പേപ്പൽ ഭവനത്തിലെ ക്ലെമെന്റയിൻ ശാലയിൽ സ്വീകരിച്ച് അഭിസംബോധന ചെയ്യവേയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ വിവേചനരഹിതമായ കടന്നുകയറ്റത്തെ ഫ്രാൻസിസ് മാർപാപ്പ അപലപിച്ചത്.

www.malankaralibrary.com



'ആരെയും ഒഴിവാക്കാത്തതും ഓരോ വ്യക്തിക്കും മാനുഷിക പിന്തുണ നൽകുന്നതുമായ വികസനം ഏവർക്കും ആസ്വദിക്കാൻ കഴിയണം' മാർപാപ്പ പറഞ്ഞു. സാങ്കേതിക വിദ്യയുടെ പുരോഗതി ലോകമെങ്ങും നീതിയുടെയും സമാധാനത്തിന്റെയും സേവനത്തിനുള്ളതായിത്തീരുന്നതിനുള്ള വ്യവസ്ഥയാണ സഹോദര്യമെന്ന കാര്യം ഇതിനിടെ സാർവത്രികമായി നിരന്തരം ഓർമ്മിക്കപ്പെടണം.' ഈ ഉപകരണങ്ങളുടെ വിവേചനപരമായ ഉപയോഗം ഏറ്റവും ദുർബലരുടെയും അഭയം തേടുന്നവരുൾപ്പെടെ പാർശ്വവൽകൃത വിഭാഗങ്ങളുടെയും ചെലവിൽ വേരൂന്നില്ലെന്ന് ഉറപ്പാക്കാൻ പ്രവർത്തിക്കുകയും വേണം,' പാപ്പ പറഞ്ഞു.

നിർമ്മിതബുദ്ധിയുടെ ചക്രവാളത്തിൽ ഉയരുന്ന വലിയ വെല്ലുവിളികളെ സംബന്ധിച്ച് പങ്കുവയ്ക്കപ്പെടുന്ന ധാർമ്മികത പരിപോഷിപ്പിക്കുന്നതിന് 'റോം ആഹ്വാനം' (Rome Call) വഴി ജാഗ്രതാപൂർവം ശ്രമിക്കുന്നതിന്റെ പേരിൽ ജീവനു വേണ്ടിയുള്ള പൊന്തിഫിക്കൽ അക്കാദമിക്കും നവോത്ഥാന ഫൗണ്ടേഷനും പാപ്പ നന്ദി പറഞ്ഞു.'ഈ സാങ്കേതികവിദ്യയെ എല്ലാവരുടെയും പൊതുനന്മയ്ക്കുള്ള സേവനത്തിനും പൊതുഭവനം സംരക്ഷിക്കുന്നതിനുമായി പ്രതിഷ്ഠിക്കുന്ന ഒരു സംസ്കാരം പരിപോഷിപ്പിക്കാൻ ഐക്യത്തോടുകൂടിയ പരിശ്രമം മാതൃകാപരമാണ്.'

വൈയക്തികവും സാമൂഹികവുമായ ദൈനംദിന ജീവിതത്തിന്റെ സമസ്ത മേഖലകളിലും നിർമ്മിത ബുദ്ധി എത്രത്തോളം സന്നിഹിതമാണ് എന്ന വസ്തുത പാപ്പ ചൂണ്ടിക്കാട്ടി. ലോകത്തെയും നമ്മെത്തന്നെയും നാം മനസ്സിലാക്കുന്നതിനെ ഈ സാങ്കേതികവിദ്യ വലിയ തോതിൽ സ്വാധീനിക്കുന്നു; ഈ മേഖലയിലെ പുതിയ കണ്ടുപിടുത്തങ്ങൾ മനുഷ്യന്റെ പ്രവർത്തനത്തിലും തീരുമാനങ്ങളിലും പോലും കൂടുതൽ നിർണ്ണായകമായിത്തീരുന്നു. മാനവികവും സുദൃഢവുമായ വികസനം ആസ്വദിക്കാൻ എല്ലാവർക്കും സാധിക്കണമെന്നും ആരും അതിൽ നിന്ന് ഒഴിവാക്കപ്പെടരുതെന്നും പാപ്പ ഓർമ്മിപ്പിച്ചു.

നൂതന സാങ്കേതികവിദ്യകളുടെ മാനവികമായ ഒരു വികസന വീഥി വികസ്വരമാക്കുന്നതിനു വേണ്ടി എല്ലാവരും തമ്മിലുള്ള പൊതു സംഭാഷണത്തിനുള്ള ഉപയോഗപ്രദമായ

www.malankaralibrary.com

## എറണാകുളം
## സെന്റ് ഫ്രാൻസിസ് അസ്സീസി
## കത്തീഡ്രലിൽ

# നിത്യസഹായ
# മാതാവിന്റെ
# തിരുനാൾ



**2023 ഫെബ്രുവരി 4 മുതൽ 12 വരെ**

**നേർച്ചസദ്യ ഫെബ്രുവരി 11-ാം തീയതി ശനിയാഴ്ച**

---

### 04 ഫെബ്രുവരി ശനി



രാവിലെ 6 ന് : ദിവ്യബലി, നൊവേന
രാവിലെ 7 ന് : ദിവ്യബലി, നൊവേന, ആരാധന
രാവിലെ 11 ന് : ദിവ്യബലി, നൊവേന, ആരാധന
വൈകീട്ട് 3.30, 4.30 ന് : നൊവേന, ആരാധന
വൈകീട്ട് 5.15ന് : കൊടികയറ്റം, ദിവ്യബലി, നൊവേന
മുഖ്യകാർമികൻ : **മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപറമ്പിൽ**
*(ആർച്ച്ബിഷപ്, വരാപ്പുഴ അതിരൂപത)*
പ്രസംഗം : **റവ. ഫാ. യേശുദാസ് പഴമ്പിള്ളി**

---

### 11 ഫെബ്രുവരി ശനി

രാവിലെ 6, 7 ന് : ദിവ്യബലി, നൊവേന
രാവിലെ 10.30 ന് : ദിവ്യബലി, നൊവേന
മുഖ്യകാർമികൻ : **റൈറ്റ് റവ. ഡോ. സ്റ്റാൻലി റോമൻ**
*(ബിഷപ് എമിരിറ്റസ്, കൊല്ലം രൂപത)*
പ്രസംഗം : **റവ. ഫാ. ജോസ് തോമസ് O.Carm**



**നേർച്ചസദ്യ**

---

### 12 ഫെബ്രുവരി ഞായർ — തിരുനാൾ ദിനം

രാവിലെ 6 ന് : ദിവ്യബലി
രാവിലെ 9 ന് : ദിവ്യബലി, നൊവേന
വൈകീട്ട് 5.30 ന് : ദിവ്യബലി, നൊവേന
മുഖ്യകാർമികൻ : **വെരി റവ. മോൺ. മാത്യു കല്ലിങ്കൽ**
*(വികാർ ജനറൽ, വരാപ്പുഴ അതിരൂപത)*
പ്രസംഗം : **റവ. ഫാ. സ്റ്റീഫൻ ചാലക്കര**

ഹൃദ്യമായ സ്വാഗതം

**കാഹളം**
To release ad in newspapers
kahalamad@gmail.com
Ph: 9847347440

www.malankaralibrary.com

ഉപകരണമായി ഭവിക്കട്ടെ 'റോം ആഹ്വാനം'. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനത്തിൽ മറ്റ് ലോക മതങ്ങളെയും, സുമനസ്സുകളായ പുരുഷന്മാരെയും സ്ത്രീകളെയും ഉൾപ്പെടുത്താൻ നിങ്ങൾ ആഗ്രഹിക്കുന്നുവെന്ന് അറിയുന്നതിൽ സന്തോഷമുണ്ട്.ലോകത്തിന്റെ വിഭിന്ന വീക്ഷണങ്ങൾ തമ്മിലുള്ള സമാഗമത്തിന്റെ പൊതുവേദിക്കായുള്ള അന്വേഷണത്തിൽ സുപ്രധാന സംയോജക ബിന്ദു മനുഷ്യാവകാശങ്ങളാണെന്ന വസ്തുത പാപ്പ ആവർത്തിച്ചു വ്യക്തമാക്കി.

**'നിർണ്ണായക ചുമതല മതങ്ങൾക്കും'**

മനുഷ്യനെ കേന്ദ്രീകരിച്ചുള്ള സാങ്കേതികവിദ്യയുടെ വികസനത്തിൽ മതങ്ങൾ തങ്ങളുടേതായ പങ്കു വഹിക്കണമെന്നും, ഇതിനായി അൽഗോരിതങ്ങളുടെ ഉപയോഗത്തിൽ ധാർമികതയെ സംബന്ധിച്ച് ചിന്തകൾ പങ്കുവയ്ക്കണമെന്നും ഫ്രാൻസിസ് പാപ്പ പിന്നീട് ട്വിറ്റർ സന്ദേശത്തിലൂടെ ഉദ്ബോധിപ്പിച്ചു. ഈ വിഷയവുമായി ബന്ധപ്പെട്ട് റോമിന്റെ ആഹ്വാനം എന്ന രേഖയിൽ കത്തോലിക്കരും, യഹൂദരും, ഇസ്ലാം മതവിശ്വാസികളുമായ ആളുകൾ സംയുക്തമായി ഒപ്പിട്ടത്, പ്രതീക്ഷയുടെ അടയാളമാണ് സാങ്കേതികവിദ്യയുടെ ഉപയോഗത്തിൽ ധാർമ്മികതയുടെ പങ്കും, അതിൽ മതങ്ങളുടെ ഇടപെടലിന്റെ ആവശ്യകതയും പരാമർശിച്ചുകൊണ്ട് പാപ്പ പ്രസ്താവിച്ചു.

റോമിന്റെ ആഹ്വാനം (#RomeCall), നിർമ്മിതബുദ്ധിയും ധാർമ്മികതയും (#AIEthics, #algoretica) എന്നീ ഹാഷ്ടാഗുകളോടെയുള്ള പാപ്പായുടെ ട്വിറ്റർ സന്ദേശം ഇങ്ങനെ:'കത്തോലിക്കരും യഹൂദരും മുസ്ലീങ്ങളും നിർമ്മിതബുദ്ധിയുടെ ഉപയോഗത്തിൽ ധാർമ്മികതയുടെ ഉപയോഗം സംബന്ധിച്ച റോമിന്റെ ആഹ്വാനത്തിൽ സംയുക്തമായി ഒപ്പിട്ടത്, പ്രതീക്ഷയുടെ ഒരു അടയാളമാണ്. അൽഗോരിതങ്ങളുടെ ഉപയോഗത്തിലെ ധാർമികതയെ സംബന്ധിച്ച്, പരസ്പരം പങ്കിടുന്ന വിചിന്തനം വഴി, മനുഷ്യരിൽ കേന്ദ്രീകൃതമായ ഒരു സാങ്കേതികവിദ്യയുടെ വികസനത്തിൽ മതങ്ങൾ മാനവികതയെ അനുധാവനം ചെയ്യട്ടെ.'

ജീവനുവേണ്ടിയുള്ള പൊന്തിഫിക്കൽ അക്കാദമിയുടെ അദ്ധ്യക്ഷനായ ആർച്ച്ബിഷപ്പ് വിൻചേൻസൊ പാല്യയാണ് നിർമ്മിത ബുദ്ധിയുടെ കാര്യത്തിൽ ആവശ്യമായ ധാർമ്മികസമീപനത്തെ അധികരിച്ച്'റോം ആഹ്വാനം' എന്ന പരിപാടിക്ക്2020 ഫെബ്രുവരി 28 നു തുടക്കം കുറിച്ചത്. ആർച്ച്ബിഷപ്പ് വിൻചേൻസൊ പാല്യയുടെ നേതൃത്വത്തിൽ ഇസ്രായേലിൽ നിന്നുള്ള ചീഫ് റബ്ബി എലീസർ സിംച വെയ്സ്, അബുദാബി ഫോറം ഫോർ പീസ് മേധാവിയായ ഷെയ്ഖ് അൽ മഹ്ഫൂദ് ബിൻ അബ്ദുല്ല എന്നിവരും രേഖയിൽ ഒപ്പിട്ടു. 2020 ൽ തന്നെ രേഖയിൽ ഒപ്പിട്ട മൈക്രോസോഫ്റ്റ് പ്രസിഡന്റ് ബ്രാഡ് സ്മിത്തും ഐബിഎമ്മിന്റെ ഗ്ലോബൽ വൈസ് പ്രസിഡന്റ് ഡാരിയോ ഗിലും ഉൾപ്പെടെ ഒട്ടേറെ പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.

കൃഷ്ണമണിയും വിരലടയാളവും സഹിതമുള്ള തിരിച്ചറിയൽ സാങ്കേതികവിദ്യ ഉപയോഗിച്ച് നടത്തുന്ന ബയോമെട്രിക് ഡാറ്റ ശേഖരണം 'റോം ആഹ്വാനം' ത്തിലെ മുഖ്യ പരിഗണനാ വിഷയമാണ്. വ്യക്തികളെ സ്ക്രീൻ ചെയ്യുന്നതിനും ട്രാക്ക് ചെയ്യുന്നതിനും കണ്ടെത്തുന്നതിനുമായുള്ള ഡാറ്റ സ്ക്രാപ്പിംഗ് സാങ്കേതികവിദ്യ പോലുള്ള കൃത്രിമ ഇന്റലിജൻസ് ടൂളുകൾ ഇതിന്റെ അനുബന്ധമായുണ്ട്. ഇമിഗ്രേഷൻ, അഭയാർത്ഥി നിയന്ത്രണം, മുൻഗണനാ നിർണ്ണയം, അനുബന്ധ മാനേജ്മെന്റ് എന്നിവയ്ക്കായി ഈ ഉപകരണ



www.malankaralibrary.com

ങ്ങൾ കൂടുതലായി ഉപയോഗിക്കുന്നു. ഇവയാകട്ടെ വർധിച്ച കാര്യക്ഷമത വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും, സുതാര്യത സംബന്ധിച്ചും മനുഷ്യാവകാശങ്ങൾ, വ്യക്തി സ്വകാര്യത, സുരക്ഷ എന്നിവ ലംഘിക്കുന്നതിലെ അപകടസാധ്യതയെക്കുറിച്ചും വിമർശനം പിടിച്ചുപറ്റുന്നത്'റോം ആഹ്വാനം' ഗൗരവത്തോടെ കാണുന്നു.

**'പരസ്പര സഹകരണം പ്രധാനം'**

കംബോഡിയയിൽ നിന്നുള്ള ബുദ്ധമതക്കാരും പൊതുസമൂഹത്തിന്റെ പ്രതിനിധികളുമടങ്ങുന്ന സംഘത്തെ വത്തിക്കാനിൽ സ്വീകരിച്ചു സംസാരിക്കവേ, സമൂഹത്തിൽ വിവിധ മതങ്ങളുടെ പരസ്പരസഹകരണത്തിന്റെ പ്രാധാന്യം ഫ്രാൻസിസ് മാർപാപ്പ എടുത്തു പറഞ്ഞു.'മതങ്ങൾ തമ്മിലുള്ള സഹകരണം പരസ്പരസഹോദര്യത്തിലും സമാധാനത്തിലും ജീവിക്കാൻ സഹായിക്കും.' പാപ്പായുമായുള്ള കൂടിക്കാഴ്ചാസമ്മേളനത്തിനായി കംബോഡിയൻ സമൂഹം തിരഞ്ഞെടുത്ത, 'പാരിസ്ഥിതിക പരിവർത്തനം' എന്ന പ്രമേയത്തെ പരാമർശിച്ച പാപ്പ അവരെ പ്രത്യേകം അഭിനന്ദിച്ചു.

നമ്മുടെ പൊതുഭവനമായ ഭൂമിയുടെ ക്ഷേമത്തിനായി ഏവർക്കും വേണ്ട ബോധ്യങ്ങളെക്കുറിച്ച് പ്രതിപാദിക്കവേ, മതപരമായ വിശ്വാസങ്ങളിൽനിന്നും, ആത്മീയപരമ്പര്യങ്ങളിൽനിന്നും പ്രചോദനമുൾക്കൊണ്ട് തങ്ങളുടെ രാജ്യത്തിന് പരിസ്ഥിതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സംഭാവന നൽകുവാൻ ഈ സമൂഹത്തിന് സാധിക്കുമെന്ന് പാപ്പ പറഞ്ഞു.

ദാരിദ്ര്യവും, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ അന്തസ്സ് മാനിക്കപ്പെടാത്തതും ഇക്കാലത്ത് ഏറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. നമ്മുടെ ചുറ്റുപാടുകളിലുള്ള ദൗർബല്യങ്ങളെക്കുറിച്ച് അവബോധം വളർത്തിയെടുക്കാൻ നാം പരിശ്രമിക്കേണ്ടതുണ്ട്. നമ്മുടെ പൊതുഭവനമായ ഭൂമിയുടെ പരിപാലനം നമ്മുടെ കടമയാണെന്ന ബോധ്യമുള്ളതിനാലാണ് തന്റെ മുൻഗാമികളുടെ പാതയിൽ, മറ്റുള്ളവരോടും, സൃഷ്ടപ്രപഞ്ചത്തോടും, അവനവനോടും സ്രഷ്ടാവിനോടുമുള്ള ആദരവിനെക്കുറിച്ച് താൻ തന്റെ പ്രബോധനങ്ങളിലൂടെ ഉദ്ബോധിപ്പിക്കുന്നതെന്ന് പാപ്പ വ്യക്തമാക്കി.

www.malankaralibrary.com

പാരിസ്ഥിതിക പരിവർത്തനം സംഭവിക്കുന്നത്, പാരിസ്ഥിതിക പ്രതിസന്ധിയുടെ കാരണങ്ങൾ തിരിച്ചറിയുമ്പോഴാണെന്ന് പറഞ്ഞ പാപ്പ, പ്രകൃതിയെ മുറിവേൽപ്പിക്കുകയും അതിനോട് അനാദരവോടെയുള്ള പ്രവൃത്തികൾ നടത്തുകയും ചെയ്യുന്നത് അവസാനിപ്പിക്കുകയോ കുറയ്ക്കുകയോ ചെയ്യുന്നതിലൂടെയാണ് ഇത് സാധ്യമാക്കേണ്ടതെന്ന് ഓർമ്മിപ്പിച്ചു. ലോകത്തിൽ സംഭവിക്കുന്ന കഷ്ടതകൾ അവനവന്റേതായി കാണുമ്പോഴാണ്, നാം ജീവിക്കുന്ന സമൂഹത്തിനായി നൽകാൻ സാധിക്കുന്ന സംഭവനകളെക്കുറിച്ച് നമ്മൾ ബോധവാന്മാരാകുന്നതെന്ന് ഫ്രാൻസിസ് പാപ്പ പറഞ്ഞു.

പാരിസ്ഥിതിക ഉത്തരവാദിത്വം വളർത്തിയെടുക്കുന്നതിന് ബുദ്ധമതവും ക്രൈസ്തവികതയും നമ്മെ പഠിപ്പിക്കുന്നത് മനസ്സിലാക്കാൻ മതാന്തരസംവാദങ്ങൾ സഹായകമാകുമെന്ന് പാപ്പ ഉദ്ബോധിപ്പിച്ചു. ബുദ്ധൻ പഠിപ്പിച്ച ലളിതമായ ജീവിതവും, ജീവജാലങ്ങളെ ദ്രോഹിക്കാതിരിക്കുന്നതിനുള്ള ആഹ്വാനവും പാലിക്കുന്നത് വഴി ബുദ്ധമതക്കാർക്ക്, പ്രകൃതിയുൾപ്പെടെ ഏവരോടും അനുകമ്പയുള്ള ഒരു മനോഭാവം വളർത്തിയെടുക്കാൻ സാധിക്കും. ദൈവം മനുഷ്യനെ ഏൽപ്പിച്ച ഉത്തരവാദിത്വം എന്ന നിലയിൽ പ്രകൃതിയെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതുവഴി ക്രൈസ്തവർക്കും, തങ്ങളുടെ പാരിസ്ഥിതിക ഉത്തരവാദിത്വം നിറവേറ്റാൻ സാധിക്കുമെന്നും പാപ്പ പറഞ്ഞു.

**'സമാധാന സ്ഥാപകരാകണം'**

സമാധാന സ്ഥാപകരാകാനുള്ള തങ്ങളുടെ വിളി ക്രൈസ്തവർ തിരിച്ചറിയണമെന്നും, ഐക്യം വളർത്തിയെടുക്കുന്നതിൽ ഒരിക്കലും പിന്നോട്ട് പോകരുതെന്നും ഫിൻലാന്റിൽ നിന്നുള്ള എക്യുമെനിക്കൽ പ്രതിനിധി സംഘത്തെ വത്തിക്കാനിൽ സ്വീകരിച്ചുകൊണ്ട് ഫ്രാൻസിസ് മാർപാപ്പ ഓർമ്മിപ്പിച്ചു. ഫിൻലന്റിൽ രക്തസാക്ഷിത്വം വഹിച്ച വിശുദ്ധ ഹെന്റിയുടെ തിരുനാളിനോടനുബന്ധിച്ച് പതിവുപോലെ ഫിൻലന്റിൽനിന്നുള്ള സമൂഹം റോമിലേക്ക് നടത്തുന്ന തീർത്ഥാടനത്തിന്റെ ഭാഗമായി വത്തിക്കാനിലെത്തിയവരെയാണ് പാപ്പ വരവേറ്റത്.

യുദ്ധങ്ങളും മറ്റു സംഘർഷങ്ങളും മൂലം വിഭജിച്ചു നിൽക്കുന്ന ഈ ലോകത്ത്, ക്രൈസ്തവരെന്ന നിലയിൽ, അനുരഞ്ജനവും ഐക്യവും വളർത്തിയെടുക്കാൻ ഏവർക്കുമുള്ള ഉത്തരവാദിത്വം വലുതാണ്. അനീതികൾക്കും, പാർശ്വവൽക്കരണത്തിനും, അടിച്ചമർത്തലുകൾക്കും, പ്രത്യേകിച്ച് യുദ്ധങ്ങൾക്ക് ഇരകളായവർക്കും നീതി ലഭ്യമാക്കാനുള്ള പരിശ്രമങ്ങളിൽ മുന്നോട്ട് പോകാനും, അവരോട് തങ്ങളുടെ സാമീപ്യം അറിയിക്കാനും നമുക്ക് കടമയുണ്ടെന്ന് പാപ്പ ഓർമ്മിപ്പിച്ചു. ക്രൈസ്തവസഭകൾ ആചരിക്കുന്ന നിർദ്ദിഷ്ട ക്രൈസ്തവ സഭൈക്യവാരത്തിന്റെ പ്രാധാന്യത്തിലേക്കും ശ്രദ്ധ ക്ഷണിച്ചു.

ക്രൈസ്തവർക്കിടയിലുള്ള വിഭജനങ്ങളിലൂടെ ക്രിസ്തുവിന് എതിർസാക്ഷ്യം നൽകുന്നത് അവസാനിപ്പിക്കാനും, സുവിശേഷപ്രഘോഷണത്തിനുള്ള അതിയായ ആഗ്രഹം വളർത്തിയെടുക്കുവാനും പാപ്പ ഏവരെയും ആഹ്വാനം ചെയ്തു. പരസ്പരമുള്ള ഐക്യം, ഒരുമിച്ച് പ്രാർത്ഥിക്കാനുള്ള വിളി, വിഭജനങ്ങളെ തരണം ചെയ്യാനുള്ള ക്ഷണം തുടങ്ങിയവയാണ് വിശുദ്ധ ഹെന്റിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്. ബെനഡിക്ട് പതിനാറാമൻ എമെരിറ്റസ് പാപ്പായുടെ നിര്യാണത്തിൽ ഫിൻലന്റിൽനിന്നുള്ള ക്രൈസ്തവനേതൃത്വം അറിയിച്ച അനുശോചനങ്ങൾക്ക് പാപ്പ നന്ദി പറഞ്ഞു. ❍

www.malankaralibrary.com



www.malankaralibrary.com



# വിട

## ദൈവത്തെ അറിഞ്ഞ് സ്നേഹിക്കാൻ നമ്മെ പഠിപ്പിച്ച പോപ്പ് എമിരിത്തൂസ് ബെനഡിക് 16ാം മന്

## പ്രാർത്ഥനാഞ്ജലി

**പി.ഒ.സി. കുടുംബം**

ഉക്രെയ്ന് നേരെ റഷ്യ ആവർത്തിച്ച മിസൈൽ ആക്രമണത്തിൽ കുട്ടികളടക്കം നിരവധി സാധാരണ ജനങ്ങൾക്ക് പരിക്കേറ്റ സംഭവത്തിന്റെ പശ്ചാത്തലത്തിൽ ഫ്രാൻസിസ് പാപ്പ വീണ്ടും ഉക്രെയ്നുവേണ്ടി പ്രാർത്ഥനകൾ ആവശ്യപ്പെടുകയും യുദ്ധത്തെ അപലപിക്കുകയും ചെയ്തു.

നമ്മുടെ സാമീപ്യവും, ആശ്വാസവും സമാധാനവും ഏറെ ആവശ്യമുള്ള പീഡിപ്പിക്കപ്പെടുന്ന ഉക്രെയ്നെ നമുക്ക് മറക്കാതിരിക്കാമെന്ന് പാപ്പ പറഞ്ഞു.ഈ ദുരന്തത്തിൽ വേദനയനുഭവിക്കുന്ന കുടുംബങ്ങളുടെ വേദന താനും പങ്കുവയ്ക്കുകയാണെന്ന് പറഞ്ഞ പാപ്പ, ഈ ദാരുണ അപകടത്തിന്റെ ചിത്രങ്ങൾ, എല്ലാ മനുഷ്യ മനഃസാക്ഷിയോടുമുള്ള ശക്തമായ ആഹ്വാനമാണെന്ന് ഓർമ്മിപ്പിച്ചു. ഇനിയും നമുക്ക് നിസ്സംഗതയിൽ തുടരാനാവില്ലെന്ന് പാപ്പ കൂട്ടിച്ചേർത്തു. ❍


www.malankaralibrary.com

# ലോക സമാധാനം തകർക്കുന്നത് പരസ്പരം കോർമ്പല്ലുകൾ കോർക്കുന്ന പ്രതിസന്ധികൾ

**ഫാ. സേവ്യർ പടിയാരം പറമ്പിൽ**



കുടിപ്പിണഞ്ഞു കിടക്കുന്ന പ്രതിസന്ധികളുടെ സഞ്ചയമാണ് ലോക സമൂഹത്തിന്റെ ശാന്തി തകർക്കുന്ന ഗുരുതര പ്രശ്നങ്ങൾക്കു  കാരണമെന്ന് ഫ്രാൻസിസ് മാർപാപ്പയുടെ നിരീക്ഷണം. പരസ്പരം കരുത്തേകി വളരുന്ന ധാർമ്മിക, സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക പ്രതിസന്ധികൾക്കു പരിഹാരം കണ്ടെത്തണമെങ്കിൽ, കരുണയുടെ സജീവ സാന്നിധ്യം അനിവാര്യമാണെന്നും എല്ലാവരും തങ്ങളുടെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടതുണ്ടെന്നും ലോകസമാധാന ദിന സന്ദേശത്തിൽ പാപ്പാ ചൂണ്ടിക്കാട്ടി. നമ്മുടെ പൊതുഭവനമായ ഭൂമിയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം വരുന്ന കാര്യങ്ങൾ ഒഴിവാക്കേണ്ടതുണ്ട്; അസമത്വത്തിന്റെ വൈറസിനെതിരെ പോരാടുകയും ഏവർക്കും  തൊഴിലും ആഹാരവും ഉറപ്പാക്കുകയും വേണം. 'ആർക്കും  ഒറ്റയ്ക്ക് രക്ഷപ്പെടാൻ സാധിക്കില്ല. ഒരുമിച്ച് സമാധാനത്തിന്റെ പാതകൾ കണ്ടെത്തുന്നതിനായി കോവിഡ്-19-ൽ നിന്ന് പുനരാരംഭിക്കുക' എന്ന തലക്കെട്ടോടു

www.malankaralibrary.com

കൂടിയതായിരുന്നു ലോകസമാധാന ദിനത്തിനായി ഫ്രാൻസിസ് പാപ്പാ ഇക്കുറി തയ്യാറാക്കിയ സന്ദേശം.

വിശുദ്ധ പൗലോസ് ശ്ലീഹ തെസ്സലോനിക്കക്കാർക്കെഴുതിയ രണ്ടാം ലേഖന ഭാഗം ഉദ്ധരിച്ചുകൊണ്ടാണ് പാപ്പാ 2023-ലെ ലോകസമാധാനദിനസന്ദേശം എഴുതിത്തുടങ്ങിയത്: 'സഹോദരരേ, സമയങ്ങളെയും കാലങ്ങളെയും സംബന്ധിച്ച് നിങ്ങൾക്ക് ഞാൻ എഴുതേണ്ടതില്ല. കാരണം, രാത്രിയിൽ കള്ളൻ എന്നപോലെ കർത്താവിന്റെ ദിനം വരുമെന്ന് നിങ്ങൾക്ക് നന്നായറിയാം' (1 തെസ. 5 1-2). വിശ്വാസവുമായി ബന്ധപ്പെട്ട്, എപ്പോഴും കർത്താവിന്റെ വരവിനായി, ഒരുക്കത്തോടെ കാത്തിരിക്കുവാനുള്ള ഓർമ്മപ്പെടുത്തലാണ് വിശുദ്ധ പൗലോസ് നല്കുന്നത്. ഇരുൾ നിറഞ്ഞ ഒരു ലോകത്ത്, ദൈവത്തിൽ ആശ്രയിച്ച്, പ്രത്യാശയോടെ ജീവിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കൂടിയാണ് ഈ വാക്യങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നതെന്നും സന്ദേശത്തിൽ പറയുന്നു.

കോവിഡ് മഹാമാരി ലോകത്തെ പഠിപ്പിച്ച ചില കാര്യങ്ങൾ ഫ്രാൻസിസ് പാപ്പാ എടുത്ത് പറയുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടത്, ലോകത്ത് നമുക്ക്, മറ്റുള്ളവരെക്കൂടാതെ, ഒറ്റയ്ക്ക് സ്വയം രക്ഷപെടാമെന്ന ചിന്ത നിരർത്ഥകമാണെന്നതാണ്. ആരോഗ്യരംഗത്താകട്ടെ, മറ്റേതെങ്കിലും രംഗത്താകട്ടെ, നാം നേടിയതെന്ന് കരുതുന്ന പുരോഗതി ഒരു വൈറസിന്റെ മുന്നിൽ പകച്ചു നില്ക്കുന്ന ഒരു കാഴ്ചയാണ് ലോകം കണ്ടത്. ഒരു രാജ്യത്തിന്റെ സാമ്പത്തികമോ, സൈനികമോ ആയ പുരോഗതി എല്ലാ പ്രശ്നങ്ങൾക്കും തന്നെ പരിഹാരം നേടിത്തരുന്നില്ലെന്ന് ബോധ്യപ്പെടുത്തിയ കാലയളവിലൂടെയാണ് നമ്മൾ കടന്നുപോയത്. നഗ്നനേത്രങ്ങൾക്ക് കാണാൻ സാധിക്കാത്ത ഒരു വൈറസ് കാരണം മനുഷ്യർ അനുഭവിക്കേണ്ടിവന്ന വേദനകളും, ഒറ്റപ്പെടലുകളും, ഒരുപാട് പ്രിയപ്പെട്ടവരുടെ മരണങ്ങളും ഒക്കെ നമ്മൾ കഴിഞ്ഞ വർഷങ്ങളിൽ കണ്ടു.

സാമൂഹ്യസാമ്പത്തിക ക്രമങ്ങളിൽ ഈ മഹാമാരി വരുത്തിവച്ച വിള്ളലുകൾ വിസ്മരിക്കപ്പെടാവുന്നതല്ല; അത് വൈരുദ്ധ്യങ്ങളും അസമത്വങ്ങളും വെളിച്ചത്തുകൊണ്ടുവന്നു. നിരവധി വ്യക്തികളുടെ തൊഴിൽസുരക്ഷിതത്വം അത് തകരാറിലാക്കി; നമ്മുടെ സമൂഹങ്ങളിൽ ഏറിവരുന്ന ഏകാന്തതയുടെ പ്രശ്നം അത് കൂടുതൽ സങ്കീർണമാക്കി; ഏറെ പ്രത്യേകിച്ച്, ദരിദ്രരായവരുടെയും ആലംബഹീനരുടെയും ഇടയിൽ. ഇക്കാര്യത്തിൽ, ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിയതമല്ലാത്ത ജോലികളിൽ ഏര്പ്പെണ്ടിരിക്കുകയും അത് നഷ്ടപ്പെടുകയും ചെയ്ത ദശലക്ഷക്കണക്കിന് ആളുകളെ ഓര്ത്താൽ മതി; എല്ലാം അടച്ചുപൂട്ടിയിരുന്ന കാലത്ത് അവർക്ക് ഒരുവിധത്തിലുമുള്ള പിന്തുണയും ഉണ്ടായിരുന്നില്ല. വിഷാദത്തിന്റെയും തിക്തതയുടെയും വികാരങ്ങൾ ജനിപ്പിക്കുന്ന ഈ കാലഘട്ടത്തിൽ അപൂര്വതമായിട്ടേ വ്യക്തികളും സമൂഹങ്ങളും പുരോഗതി സിദ്ധിക്കാറുള്ളൂ. പ്രസ്തുത വികാരങ്ങൾ സമാധാനത്തിനായുള്ള ശ്രമങ്ങളെ ദുർബലപ്പെടുത്തുകയും സാമൂഹ്യമായ സംഘര്ഷകത്തിനും നിരാശയ്ക്കും പലതരത്തിലുള്ള അക്രമത്തിനും വഴിതെളിക്കുകയും ചെയ്യും. യഥാർത്ഥത്തിൽ, ഈ മഹാമാരി ലോകത്തിലെ ഏറ്റവും സമാധാനപൂര്ണ്ണമായ ഭാഗങ്ങളെപ്പോലും ഇളക്കിമറിക്കുകയും ഉറപ്പില്ലായ്മയുടെ അനേകം രൂപങ്ങൾ പുറത്തുകൊണ്ടുവരുകയും ചെയ്തു.

എല്ലാ രാജ്യങ്ങളിലും തന്നെ, പൊതുവായി ഒരു അസ്വസ്ഥത രൂപീകൃതമാകാൻ



www.malankaralibrary.com

കോവിഡ് മഹാമാരി കാരണമായി. പലയിടങ്ങളിലും, രോഗപ്രതിരോധമരുന്നുകളും, ചികിത്സാസൗകര്യങ്ങളുമായി ബന്ധപ്പെട്ട് വൈരുധ്യങ്ങൾക്കും , അനീതികള്ക്കും , അസമത്വങ്ങൾക്കും  നാം സാക്ഷികളായി. എല്ലാം നന്നായി പോകുന്നുവെന്ന് കരുതിയിരുന്ന ഇടങ്ങളിൽപ്പോലും, അസമാധാനവും, അശാന്തിയും, ഭീതിയും വിതയ്ക്കാൻ ഈ മഹാവ്യാധിക്ക് കഴിഞ്ഞു.ചോദ്യങ്ങൾ ഉന്നയിക്കാനും പഠിക്കാനും വ്യക്തികളും സമൂഹങ്ങളും എന്ന നിലയിൽ നമ്മെ രൂപപ്പെടുത്താനും നമുക്കു വളരാനുമുള്ള സമയമാണിത്. 'കർത്താവിന്റെ വരവിനായി' തയ്യാറാകാനുള്ള സവിശേഷസമയം തന്നെ. ഈ ആപൽസന്ധിയിൽനിന്നു നാം പഴയതു പോലെയായിരിക്കില്ല പുറത്തുവരുന്നത്; ഒന്നുകിൽ നാം കൂടുതൽ മികച്ചവരാകും, അല്ലെങ്കിൽ കൂടുതൽ മോശമാകും.

പോസിറ്റീവായി, ശുഭാപ്തിവിശ്വാസം നിറഞ്ഞ കണ്ണുകളോടെ നോക്കിയാൽ, ഈ വർഷങ്ങളിൽ നാം ചില നല്ല കാര്യങ്ങളും പഠിച്ചിട്ടുണ്ടെന്ന പാപ്പാ ചൂണ്ടിക്കാട്ടി. പുരോഗതിയിലും, സാങ്കേതികവിദ്യകളിലും അമിതമായ വിശ്വാസം അരുതെന്ന് നമുക്ക് കുറെയൊക്കെ മനസ്സിലായി. ആഗോളവത്കരണം ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ട ഒന്നാണെന്ന ബോധ്യം നമ്മിൽ കൂടുതലായി വളര്ന്നുയ. ഒരുമിച്ചുള്ള വളര്ച്ച യ്ക്കും, സഹനത്തിലൂടെ കടന്നുപോകുന്ന മനുഷ്യരോടുള്ള ഐക്യദാർഢ്യ ത്തിനുമുള്ള പ്രാധാന്യം കുറെയൊക്കെ മനസ്സിലാക്കുവാൻ നമുക്ക് സാധിച്ചു. വ്യക്തിതാല്പര്യങ്ങളെക്കാൾ പൊതുതാല്പര്യങ്ങള്ക്ക് വിലകല്പ്പിനക്കേണ്ടതിന്റെ ആവശ്യകത നാം പഠിക്കുവാൻ തുടങ്ങി. നന്മയുള്ള വളരെയേറെ മനുഷ്യർ തങ്ങളുടെ ത്യാഗപൂര്ണ്ണമായ പ്രവൃത്തികളോടെ, മറ്റുള്ളർക്ക് സഹായഹസ്തവുമായി മുന്നോട്ട് വരുന്നത് നാം കണ്ടു. വരുന്ന നാളുകളിൽ മെച്ചപ്പെട്ട ഒരു ലോകത്തിനായി പ്രവർത്തിക്കാനും, പ്രാർത്ഥിക്കാനും നാം പരിശ്രമിക്കേണ്ടതുണ്ട്.

നമ്മുടെ ജീവിതങ്ങളെ ദുരന്തങ്ങൾ സംഭ്രമിപ്പിക്കുകയും ഇരുളുനിറഞ്ഞതും ദുർഘടവുമായ അനീതിയുടെയും സഹനത്തിന്റെയും ചുഴലിക്കാറ്റ് നമ്മെ മൂടിക്കളയുകയും ചെയ്യുന്നു എന്നു നമുക്കു തോന്നുകയും ചെയ്യുമ്പോൾ നമ്മുടെ ഹൃദയങ്ങൾ പ്രത്യാശയിലേക്കു തുറന്നുവയ്ക്കാനും ദൈവത്തിൽ ശരണപ്പെടുവാനും നാം ക്ഷണിക്കപ്പെടുന്നു. എന്തെന്നാൽ ദൈവം സന്നിഹിതനായിരിക്കുകയും ആർദ്രതയോടെ നമ്മെ അനുഗമനം ചെയ്യുകയും നമ്മുടെ ബലഹീനതയിൽ നമ്മെ ശക്തിപ്പെടുത്തുകയും എല്ലാറ്റിനും ഉപരി നമുക്കു

www.malankaralibrary.com

വഴികാട്ടിത്തരുകയും ചെയ്യുന്നു. ആകയാൽ, ജാഗരൂകരായിരിക്കാനും നന്മയും നീതിയും സത്യവും അന്വേഷിക്കാനും വിശുദ്ധ പൗലോസ് സഭാസമൂഹത്തെ നിരന്തരം ആഹ്വാനം ചെയ്യുന്നു: 'അതിനാൽ, മറ്റുള്ളവരെപ്പോലെ ഉറങ്ങിക്കഴിയാതെ നമുക്ക് ഉണര്ന്ന് സുബോധമുള്ളവരായിരിക്കാം' (1 തെസ. 5:6). ശ്രദ്ധാപൂർവം ജീവിക്കാനുള്ള ആഹ്വാനമാണിത്; നാം ഭയത്തിലേക്കും ദുഃഖത്തിലേക്കും പരിത്യക്തതയിലേക്കും വീണുപോകരുത്; ശ്രദ്ധ പതറരുത്; ഉത്സാഹഭംഗം നമ്മെ കീഴ്‌പ്പെടുത്തരുത്. മറിച്ച്, നമ്മൾ കാവല്ക്കാരെപ്പോലെ ഏറ്റവും ഇരുണ്ട മണിക്കൂറിലും കാത്തിരിക്കുകയും ഉദയത്തിന്റെ ആദ്യരശ്മി ദർശിക്കാനായി തയ്യാറായിരിക്കുകയും ചെയ്യണം.

**യുദ്ധമെന്ന ഭീകര വൈറസ്**

കോവിഡ് 19 എന്ന മഹാമാരിയുടെ ഇരുണ്ടകാലം കഴിഞ്ഞു എന്നു നാം ആശ്വസിക്കാൻ ആരംഭിച്ച നേരത്താണ് മറ്റൊരു വലിയ ദുരന്തം മനുഷ്യരാശിയുടെമേൽ വന്നുഭവിച്ചത്. മറ്റൊരു വിപത്തിന്റെ പ്രഹരം. ഇനിയും കൃത്യമായി മരുന്ന് കണ്ടുപിടിച്ചിട്ടില്ലാത്ത ഒരു രോഗമാണ് യുദ്ധം. പാപ്പായുടെ വാക്കുകളിൽ 'മനുഷ്യശരീരത്തെ ആക്രമിക്കുന്ന വൈറസിനേക്കാൾ, യുദ്ധത്തിന്റെ വൈറസിനെ തോല്പ്പിക്കാനാണ് കൂടുതൽ ബുദ്ധിമുട്ട്. കാരണം അത്, പുറത്തുനിന്നല്ല, പാപത്താൽ ദുഷിച്ച മനുഷ്യഹൃദയത്തിൽനിന്നാകുന്നാണ് വരുന്നത്'.

ഉക്രയ്നിൽ നടക്കുന്ന യുദ്ധം നിർദ്ദോഷികളെയാണ് ബലിയാടുകളാക്കുന്നത്. നേരിട്ട് ബാധിക്കുന്നവരിൽ മാത്രമല്ല, വ്യാപകമായവിധത്തിൽ,
വേർതിരിവുകളില്ലാതെ, അത് എല്ലാവരുടെയും മേൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുകയാണ്. ആയിരങ്ങളോളം കിലോമീറ്ററുകൾ ദൂരത്ത് വസിക്കുന്നവരും അതിന്റെ പാർശ്വഫലങ്ങൾ അനുഭവിക്കുന്നു എണ്ണയുടെയും ധാന്യത്തിന്റെ കുറവ് തന്നെ കണക്കിലെടുത്താൽ മതിയാകും. തീർച്ചയായും, നമ്മൾ ആഗ്രഹിക്കുകയും പ്രത്യാശവയ്ക്കുകയും ചെയ്ത കോവിഡനന്തര കാലഘട്ടമല്ല ഇത്. ഈ യുദ്ധവും അതിനോടൊപ്പം ലോകം മുഴുവനിലും നടക്കുന്ന ഏറ്റുമുട്ടലുകളും മനുഷ്യരാശിയെ മുഴുവനും, അതിൽ നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നവരെ മാത്രമല്ല, പിന്നോട്ടടിക്കുന്നതിന്റെ ലക്ഷണമാണ് നൽകുന്നത്.

ഒരുമിച്ച്, ലോകത്തിന്റെ മെച്ചപ്പെട്ട ഒരു നാളേക്കായി പ്രവർത്തിക്കുവാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. ലോകത്തെയും, അതിലെ എല്ലാത്തിനെയും, നമ്മുടെ സ്വാര്ത്ഥതയുടെ കണ്ണുകൾ കൊണ്ട് നോക്കിക്കാണുകയും, നമ്മുടെ വ്യക്തിതാല്പര്യങ്ങൾക്കായി

കെ. സി. ബി. സി. മീഡിയകമ്മീഷൻ
മധുരം സായന്തനം
2023 ഫെബ്രുവരി 17
വെള്ളി 4 മണിക്ക്

www.malankaralibrary.com

ആഗ്രഹിക്കുകയും സ്വന്തമാക്കാൻ പരിശ്രമിക്കുകയും ചെയ്യുന്ന സമയം അവസാനി ക്കേണ്ടിയിരിക്കുന്നു. 'നമ്മുടെ സമൂഹത്തിന്റെയും, പ്രപഞ്ചത്തിന്റെയും സൗഖ്യത്തിനായി പ്രവർത്തിക്കേണ്ട സമയമാണിത്. കൂടുതൽ നീതിപൂർണ്ണമായ, സമാധാനപൂർണ്ണമായ, യഥാർത്ഥ പൊതുനന്മയെ ലക്ഷ്യമാക്കി നാം പ്രവർത്തിക്കേണ്ടിയിരിക്കുന്നു.'

സമൂഹത്തിലെ പ്രതിസന്ധികൾ പരസ്പരം കൂടിപ്പിണഞ്ഞു കിടക്കുന്നവയാണ്. ധാർ മ്മിക, സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക പ്രതിസന്ധികൾ ഒന്ന് മറ്റൊന്നിന് കാരണ മായി മാറുന്നുണ്ട്. ഇവിടെ ഒരു പരിഹാരം കണ്ടെത്തണമെങ്കിൽ, എല്ലാവരും തങ്ങളുടെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. മറ്റുള്ളവരോട് കരുണയോടെ പെരുമാറേണ്ട തുണ്ട്. ആരോഗ്യരംഗത്ത് ഏവരുടെയും അവകാശങ്ങൾ മാനിക്കപ്പെടേണ്ടതുണ്ട്. യുദ്ധ ങ്ങളും സംഘർഷങ്ങളും സൃഷ്ടിക്കുന്ന ഇരകളും, വർദ്ധിച്ചുവരുന്ന ദാരിദ്ര്യവും പട്ടിണിയും ഇല്ലാതാകാനായി ഏവരും സമാധാനത്തിനായുള്ള മാർഗ്ഗങ്ങളും പ്രവൃത്തികളും പ്രോ ത്സാഹിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യേണ്ടതുണ്ട്. നമ്മുടെ പൊതുഭവന മായ ഭൂമിയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം വരുന്ന കാര്യങ്ങൾ ഒഴിവാക്കേണ്ടതുണ്ട്. അസമത്വത്തിന്റെ വൈറസിനെതിരെ പോരാടണം;ഏവർക്കും തൊഴിലും ആഹാരവും ഉറപ്പാക്കുകയും വേണം.

സമൂഹം അവഗണിക്കുകയും ഒഴിവാക്കാൻ പരിശ്രമിക്കുകയും ചെയ്യുന്ന ആളുകളെ സ്വീ കരിക്കാനും, അവരെ സമൂഹത്തിൽ ചേർത്തുനിറുത്താനും നാം പഠിക്കേണ്ടിയിരിക്കുന്നു. അഭയാർത്ഥികളും, കുടിയൊഴിപ്പിക്കപ്പെട്ടവരും, അവഗണിക്കപ്പെട്ടവരുമായ ആളുക ളുടെ നേരെ ഇങ്ങനെയൊരു മനോഭാവം വളർത്തിയെടുക്കേണ്ടതുണ്ട്. ഒരു പുതിയ ലോകം, സമാധാനത്തിന്റെ നാളുകൾ പിറക്കാൻ നാം ഇനിയും ഏറെ ശ്രമിക്കേണ്ടിയിരി ക്കുന്നു.ലോകത്തിന്റെ വെല്ലുവിളികളെ ഉത്തരവാദിത്വബോധത്തോടും ആർദ്രഭാവത്തോ ടും അഭിമുഖീകരിക്കാൻ നാം ക്ഷണിക്കപ്പെടുന്നു.

**തുണയേകും സമാധാന രാജ്ഞി**

ദൈവം നല്കുമന്ന അനുഗ്രഹമാണ് സമാധാനം; ദൈവമാതാവായ പരിശുദ്ധ കന്യ കാമറിയം സമാധാനത്തിന്റെ രാജ്ഞിയും. 'ഞാൻ നിങ്ങൾക്ക് സമാധാനം തന്നിട്ട് പോകുന്നു. എന്റെ സമാധാനം നിങ്ങൾക്ക് ഞാൻ നൽകുന്നു. ലോകം നല്കുന്നതു പോലെയല്ല ഞാൻ നൽകുന്നത്. നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. നിങ്ങൾ ഭയപ്പെടുകയും വേണ്ട' (യോഹ. 14, 27). അനാഥത്വത്തിന്റെ, ഒറ്റപ്പെടലിന്റെ ഭീതിയാണ് സമാധാനം നഷ്ടപ്പെടുത്തുന്നത്. എന്നാൽ പ്രപഞ്ചം മുഴുവൻ സൃഷ്ടിച്ച ദൈവം പരിപാ ലകനായി കൂടെയുണ്ടെന്ന ബോധ്യമാണ് നമ്മെ നയിക്കുന്നതെങ്കിൽ, ലോകത്തിൽ സമാധാനം കൂടുതൽ പ്രാപ്യമാകും. ദൈവപിതാവിന്റെ മക്കളാണ് നാമെന്ന, ക്രിസ്തു നമുക്ക് നല്കുറന്ന ഉറപ്പാണ് നമ്മുടെയും അമ്മയെന്ന നിലയിൽ (യോഹ. 19, 27) ദൈ വമാതാവ് നമ്മെ ഓർമ്മപ്പെടുത്തുന്നത്.

ജീവിതത്തിന്റെ താളം തെറ്റിക്കുന്ന തിന്മകളെ ചെറുത്തുതോല്പിക്കാൻ നമുക്ക് സാധിക്ക ണം. ലോകത്ത് അസമാധാനത്തിന്റെ വിത്ത് പാകുന്ന, അനീതിയുടെ വേരുകൾ നാം മു റിച്ചുമാറ്റേണ്ടിയിരിക്കുന്നു. സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും ഐക്യത്തിന്റെയും വിത്തുകൾ ഹൃദയങ്ങളിൽ പാകി, സമൂഹത്തിൽ ശാന്തിയുടെയും സമാധാനത്തിന്റെയും

www.malankaralibrary.com



**കെ.ആർ.എൽ.സി.ബി.സി. പ്രസിഡണ്ടായി** തെരഞ്ഞെടുക്കപ്പെട്ട കോഴിക്കോട് **ബിഷപ്പ് റൈറ്റ് റവ. ഡോ. വർഗ്ഗീസ് ചക്കാലക്കലും**



**സെക്രട്ടറി ജനറലായി** തെരഞ്ഞെടുക്കപ്പെട്ട തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ സഹായ മെത്രാൻ **റൈറ്റ്. റവ.ഡോ. ആർ. ക്രിസ്തു ദാസും**

ഫലങ്ങൾ പുറപ്പെടുവിക്കാൻ ശ്രമിക്കുന്നിടത്താണ് മെച്ചപ്പെട്ട ഒരു ലോകം പടുത്തുയർത്തുന്ന വലിയ മനുഷ്യരായി വളരാൻ നമുക്ക് സാധിക്കുക. ചരിത്രം നമ്മെ അഭ്യസിപ്പിക്കുന്ന പാഠങ്ങൾ വിലമതിച്ചുകൊണ്ട്, പുതിയ വർഷത്തിൽ നമുക്കു ഒരുമിച്ച് സഞ്ചരിക്കാനാകും എന്നതാണ് എന്റെ പ്രത്യാശ. രാഷ്ട്രങ്ങളുടെയും സർക്കാരുകളുടെയും അന്താരാഷ്ട്ര സംഘടനകളുടെയും തലവന്മാർക്കും
വ്യത്യസ്ത മതനേതാക്കൾക്കും ഞാൻ എല്ലാ നന്മകളും നേരുന്നു. സന്മനസുള്ള എല്ലാ സ്ത്രീ പുരുഷന്മാരുടെയും മുമ്പിൽ ഞാൻ എന്റെ പ്രാർത്ഥനനാപൂരിതമായ പ്രത്യാശ സമർപ്പിക്കുന്നു. സമാധാനത്തിന്റെ വിധാതാക്കൾ എന്ന നിലയിൽ ഈ വർഷം നന്മ നിറഞ്ഞതാകാൻ അവർ ദൈനംദിനം പ്രവർത്തിക്കുമാറാകട്ടെ.

**ദൈവമാതാവിന്റെ മാധ്യസ്ഥ്യം തേടാം**

പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളാൽ, ലോകത്ത് സമാധാനത്തിന്റെ ഉറവയായ ദൈവത്തിന്റെ, കരുണയുടെയും സ്നേഹത്തിന്റെയും നിറവനുഭവപ്പെടാൻ വേണ്ടി ദൈവമാതാവിന്റെ മാധ്യസ്ഥ്യം അപേക്ഷിക്കാം. സഭയുടെ, ദൈവപുത്രന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രാർത്ഥനകളും മാധ്യസ്ഥ്യവും, സമാധാനം നിറഞ്ഞ ഒരു ലോകത്തിന്റെ സാക്ഷാത്കാരത്തിനായി നമ്മെ വളർത്തട്ടെ. നന്മ നിറഞ്ഞ, എല്ലാ മനുഷ്യർക്കും സമാധാനവും സന്തോഷവും, അഭിവൃദ്ധിയും, ശാരീരികവും മാനസികവുമായ ആരോഗ്യവുമുള്ള ഒരു നല്ല വർഷം നല്കി ദൈവം നമ്മെ അനുഗ്രഹിക്കട്ടെ: പാപ്പായുടെ സന്ദേശം ഉപസംഹരിക്കുന്നതിങ്ങനെ. ❍

www.malankaralibrary.com



# സ്നാപകന്റെ സാക്ഷ്യത്തിലെ വിനയത്തിന്റെ പൊന്നിഴകൾ

അവതരണം: **ഡോ. ലോറൻസ് തൈക്കാട്ടിൽ**



പ്രായോഗിക ആദ്ധ്യാത്മിക ജീവിതത്തിന് ഉടമയാണ് സ്നാപക യോഹന്നാനെന്ന് പഠിപ്പിച്ച് ഫ്രാൻസീസ് പാപ്പ വി.യോഹന്നാന്റെ സുവിശേഷത്തിലെ ഒന്നാം അദ്ധ്യായ ത്തിൽ 29 മുതൽ 34 വരെയുള്ള വാക്യങ്ങൾ ഉദ്ധരിച്ചു കൊണ്ട് ഫ്രാൻസീസ് പാപ്പ പഠിപ്പിച്ചു.

സ്നാപക യോഹന്നാന്റെ സാക്ഷ്യം അരങ്ങത്തു നിന്ന് അണിയറയിലേക്കുള്ള ഒരു പിൻവലിയലാണെന്നാണ് പാപ്പ പ്രസ്താവിക്കുന്നത്.

1. സ്നാപകന്റെ സാക്ഷ്യം

ഈശോയെ ജോർദ്ദാൻ നദിയിൽ വച്ച് സ്നാനപ്പെടുത്തിയതിന് ശേഷം സ്നാപക യോഹന്നാൻ ഈശോയെ കുറിച്ച് സാക്ഷ്യം പറയുന്നത് തന്റെ പിന്നാലെ വരുന്നവൻ തന്നേക്കാൾ വലിയവനാണെനാണ്. സാധാരണ അനുദിന ജീവിതത്തിൽ കണ്ടുമുട്ടാൻ അപ്രാപ്യമായ ദൈവീകമായ സാക്ഷ്യമാണ് സ്നാപകന്റേത്. ആ സാക്ഷ്യം സ്നാപക യോഹന്നാന്റെ പൂർണ്ണ സമ്മതത്തോടു കൂടിയ സേവന മനോഭാവമാണ് വെളിപ്പെടുത്തു ന്നത് എന്നാണ് പാപ്പ പഠിപ്പിക്കുന്നത്.

2. സേവന ഭാവാവിഷ്ക്കരണം

മിശിഹായ്ക്ക് വഴി ഒരുക്കുന്നതിന് അയക്കപ്പെട്ട സ്നാപക യോഹന്നാൻ തന്റെ തന്നെ സേവന മനോഭാവം വെളിപ്പെടുത്തുന്ന സാക്ഷ്യമാണ് എന്റെ പിന്നാലെ വരുന്നവൻ

www.malankaralibrary.com



എന്നേക്കാൾ വലിയവനാണ് എന്ന് ഏറ്റുപറയുന്നതു വഴി നിവർത്തിതമാക്കുന്നത്. . മാനുഷികമായി ചിന്തിച്ചാൽ ഇപ്രകാരം ഒരു സാക്ഷ്യം നൽകുമ്പോൾ ഈശോയുടെ പരസ്യ ജീവിതത്തിൽ ഒരു പ്രമുഖ സ്ഥാനം സമ്മാനമായി നൽകപ്പെടുമെന്നാണ് കണക്കാക്കുക. എന്നാൽ തികച്ചും മാനുഷികമായ ഇത്തരം ചിന്തക്കും ആഗ്രഹത്തിനും അതീതമായി തന്റെ ദൗത്യം പൂർത്തിയാക്കിയതിനു ശേഷം എങ്ങനെ മാറി നിൽക്കണമെന്ന് സ്നാപകൻ നമ്മെ പഠിപ്പിക്കുന്നു എന്നാണ് പാപ്പ പ്രബോധിപ്പിക്കുന്നത്. ഈശോയെ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന കുഞ്ഞാടായി ചൂണ്ടിക്കാണിച്ചതിനു ശേഷം സ്നാപകൻ താഴ്മയോടെ ശ്രവണ സന്നദ്ധനായി നിലകൊള്ളുന്നു. അത് പ്രവാചകനിൽ നിന്ന് ശിഷ്യനിലേക്കുള്ള മാറ്റമാണ്. ലോകത്തിന്റെ മുമ്പിൽ വലിയ വെല്ലുവിളിയുണർത്തുന്ന നിലപാടാണ് യോഹന്നാന്റേത്. ജനങ്ങളെ പഠിപ്പിച്ച് ശിഷ്യത്വത്തിലേക്ക് ഒരുമിച്ചു ചേർത്ത് വളരെ കാലം പരിശീലിപ്പിച്ചതിനു ശേഷം ആരേയും താനുമായി ബന്ധിച്ചു നിറുത്തുന്നില്ല. സാധാരണ ഗതിയിൽ ഇതു ബുദ്ധിമുട്ടാണ്. ആത്മാർത്ഥതയുള്ള ഒരു യഥാർത്ഥ പരിശീലകന്റെ സ്ഥാനമാണ് സ്നാപകന്റേത്. അദ്ദേഹം തന്റെ ശിഷ്യന്മാരെ യേശുവിന്റെ കാലടികളിലാക്കുന്നു. തനിക്ക് അനുയായികൾ ഉണ്ടാകണമെന്നും പേരും പെരുമയും നേടണമെന്നും സ്നാപകയോഹന്നാൻ ആഗ്രഹിക്കുന്നില്ല. അവൻ ഈശോയ്ക്ക് സാക്ഷ്യംവഹിക്കുകയും പിന്നീട് പിന്നോട്ട് പോകുകയും ചെയ്തു. അനേകർക്ക് ഈശോയെ കണ്ടു മുട്ടുന്നതിന്റെ ആനന്ദം ലഭിക്കുന്നതിന് ഇതു പോലുള്ള പിൻ വാങ്ങലുകൾ ഇന്ന് അത്യന്താപേഷിതമാണ് എന്ന് പാപ്പ പ്രബോധിപ്പിക്കുന്നു. സ്നാപകൻ നൽകുന്ന പാഠം ഇന്നും ഏറെ പ്രസക്തമാണ്.

3.സ്നാപകൻ നൽകുന്ന പാഠം

പാപ്പാ പറയുന്നത് ഈശോക്ക് ഇടം നൽകാനുള്ള തന്റെ കഴിവ് ഉപയോഗിച്ച് സ്നാപകയോഹന്നാൻ സുപ്രധാനമായ ഒരു കാര്യം നമ്മെ പഠിപ്പിക്കുന്നുണ്ടെന്നാണ്. നമ്മിലുള്ള ബന്ധനങ്ങളിൽ നിന്നുള്ള മുക്തി നൽകുന്നതാണ് ഈ പാഠം. അതെ പദവികളോടും സ്ഥാനമാനങ്ങളോടും ആദരവ്, അംഗീകാരം, പാരിതോഷികം എന്നിവയോടുമുള്ള ആസക്തി എന്നിവയാൽ ഭരിക്കപ്പെടുന്നവരാകാം പലപ്പോഴും നാം. പാപ്പാ പറയുന്നു ഇത് സ്വാഭാവികമാണെങ്കിലും നല്ല കാര്യമല്ല. സേവനത്തിൽ സൗജന്യത, സ്വന്തം കാര്യസാദ്ധ്യത്തിനു വേണ്ടിയല്ലാതെ, ഗൂഢലക്ഷ്യങ്ങളില്ലാതെ, പ്രതിഫലേച്ഛയില്ലാതെ, അപരനെ പരിപാലിക്കലിൽ അടങ്ങിയിരിക്കുന്നു. പാപ്പ വീണ്ടും ഉദ്ബോധിപ്പിക്കുന്നു ജീവിതാധാരം ഈശോയാണെന്ന് സാക്ഷ്യപ്പെടുത്തി കൊണ്ട് സ്നാപകനെ പോലെ ഉചിതമായ നിമിഷത്തിൽ സ്വയം പിന്മാറുക എന്ന പുണ്യം വളർത്തിയെടുക്കണം. മാറി

www.malankaralibrary.com

നിൽക്കൽ, വിടചൊല്ലാൻ പഠിക്കൽ, ഞാൻ ഏൽപിക്കപ്പെട്ട ദൗത്യം പൂർത്തിയാക്കി, ഞാൻ മാറി കർത്താവിന് ഇടം നൽകുന്നു എന്ന് കർത്തവ്യ നിർവ്വഹണത്തിനു ശേഷം പറയാനും മാറിനിൽക്കാനും നാം പഠിക്കണം എന്ന് പാപ്പാ പറയുന്നു. അപരന് സ്ഥാന മേകാനുള്ള പിന്മാറ്റത്തിന് നാം സ്വയം തയ്യാറാകാത്തതാണ് ഇന്നത്തെ ഏറ്റവും വലിയ പ്രശ്നം.

4. സ്നാപക ദൗത്യം: ഇന്നിന്റെ ദൗത്യം.

ഈശോയ്ക്ക് സ്ഥാനം നൽകി സ്വയം പിൻവാങ്ങിയ സ്നാപക യോഹന്നാന്റെ ദൗത്യ മാണ് ഇന്ന് എല്ലാവരുടേയും ദൗത്യമെന്നാണ് പാപ്പ പഠിപ്പിക്കുന്നത്. പുരോഹിതർക്ക് പ്രത്യേകമായ ദൗത്യമാണിതെന്ന് പാപ്പ പറയന്നു.

നായകനാകാനോ അല്ലെങ്കിൽ സ്ഥാർത്ഥ താൽപര്യപൂരണത്തിനോ വേണ്ടിയല്ല പ്ര ത്യുത മറ്റുള്ളവരെ യേശുവിലേക്കാനയിക്കുന്നതിനായി, പ്രസംഗിക്കാനും ആഘോഷിക്കാ നും വിളിക്കപ്പെട്ടവനാണ് പുരോഹിതൻ. സ്നാപകനെ പോലെ ഈശോക്കായി സ്വയം ഇല്ലായ്മ ചെയ്യാനുള്ള ക്ഷണമാണ് അതിവിശിഷ്ടമായ പൗരോഹിത്യത്തിലേക്കുള്ള കാൽവെപ്പ് എന്നാണ് പാപ്പാ പ്രബോധിപ്പിക്കുന്നത്.

ഇതു പോലെ തന്നെ ഏറെ ത്യാഗം ചെയ്തു മക്കളെ വളർത്തുകയും എന്നാൽ പിന്നീട് ജോലിയിലും വിവാഹത്തിലും ജീവിതത്തിലും അവരുടേതായ പാത സ്വീകരിക്കാൻ അവരെ സ്വതന്ത്രരരായി വിടേണ്ടി വരുകയും ചെയ്യുന്ന മാതാപിതാക്കളെ സംബന്ധിച്ച് സ്നാപകന്റെ പിന്മാറ്റം അനുകരണീയമായ മാതൃകയാണെന്നും പാപ്പ പറയുന്നു. വള രാനുള്ള സ്വാതന്ത്ര്യം, സൗഹൃദം, ദാമ്പത്യ ജീവിതം, സമൂഹ ജീവിതം എന്നിങ്ങനെയുള്ള മറ്റു മേഖലകൾക്കും സ്നാപകന്റെ മനോഭാവം ബാധകമാണ് എന്ന് തന്റെ പ്രബോധ നത്തിൽ ഊന്നൽ നൽകി കൊണ്ട് പാപ്പാ പ്രതിപാദിക്കുന്നു. ഒരാളുടെ അഹത്തോടുള്ള ആസക്തിയിൽ നിന്ന് സ്വയം മോചിതനാകുകയും എങ്ങനെ മാറി നിൽക്കണമെന്ന് അറിയുകയും ചെയ്യുന്നതിന് സ്നാപക യോഹന്നാനെ പോലെ വലിയ വില നൽകേണ്ടി വരുമെന്നത് വളരെ പ്രധാനമാണ്. പ്രതിഫലം തേടാതെ സേവന മനോഭാവത്തിൽ വളരുന്നതിനുള്ള നിർണ്ണായക ചുവടുവയ്പാണ് ഇത്.

**ഉപസംഹാരം**

പാപ്പാ പറയുന്നു നമുക്ക് സ്വയം ചോദിക്കാൻ ശ്രമിക്കാം. മറ്റുള്ളവർക്ക് ഇടം നൽകാൻ, അംഗീകാരം അവകാശപ്പെടാതെ സ്ഥാനം നൽകാൻ, അവരെ സ്വതന്ത്രരാക്കാൻ, അവരെ നമ്മളുമായി ബന്ധിക്കാതിരിക്കാൻ, നാം പ്രാപ്തരാണോ? ചിലപ്പോൾ അപരനെ സംസാരിക്കാൻ അനുവദിക്കാൻ പോലും നമുക്ക് സാധിക്കുമോ? മറ്റുള്ളവ രെ യേശുവിലേക്കാണോ അതോ നമ്മിലേക്കാണോ ആകർഷിക്കുന്നത് എന്ന് പരിശോധിക്കണമെന്ന് പാപ്പ പറയന്നു. മറ്റുള്ളവർക്കായ് വഴി ഒരുക്കിയ സ്നാപകനെ പോലെ പിൻവലിയുമ്പോൾ ചെറിയൊരു വേർപിരിയലിന്റെ വേദന യുണ്ടാകും.

സ്വപുത്രനെ നമുക്ക് നൽകാനായി സ്വയം പിൻവാങ്ങി കർത്താവിന്റെ ദാസിയായി മാറിയ പരി. കന്യകാമറിയം നമ്മെ ആസക്തികളിൽ നിന്ന് പിന്മാറാനും മുക്തരാകാനും കർത്താവിന് ഇടം നൽകാനും സഹായിക്കട്ടെ.❍




# ആത്മാവിന്റെ നിശ്വാസനിറവിനാൽ ജീവനുള്ളവരാണോ നാം ?

***പൗലോസ് അപ്പസ്തോലന്റെ ഗലാതൃക്കാർക്കുള്ള ലേഖനത്തെ ആസ്പദമാക്കിയുള്ള ഫ്രാൻസിസ് പാപ്പയുടെ മതബോധനപരമ്പര*** ഭാഗം – 13 (തുടർച്ച)

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**



ഗലാത്യർക്കുള്ള കത്തിലെ മറ്റൊരു മഹത്തായ പ്രബോധനമാണ് ആത്മീയ യുദ്ധം. അപ്പോസ്തലൻ രണ്ട് എതിർമുഖങ്ങൾ അവതരിപ്പിക്കുന്നു: ഒരു വശത്ത് 'ജഡത്തിൻറെ പ്രവൃത്തികൾ', മറുവശത്ത് 'ആത്മാവിൻറെ ഫലം'.ജഡത്തിൻറെ പ്രവൃത്തികൾ എന്തൊക്കെയാണ്? അവ ദൈവാത്മാവിനു വിരുദ്ധമായ പെരുമാറ്റങ്ങളാണ്.അപ്പോസ്തലൻ അവയെ ജഡത്തിന്റെ പ്രവൃത്തികൾ എന്നു വിളിക്കുന്നത് നമ്മുടെ മനുഷ്യശരീരത്തിന് എന്തോ കുഴപ്പമോ ദോഷമോ ഉള്ളതുകൊണ്ടല്ല;ക്രിസ്തു കുരിശിൽ വഹിച്ച മനുഷ്യശരീരത്തിന്റെ യാഥാർത്ഥ്യത്തിന് പൗലോസ് എത്രമാത്രം ഊന്നൽ നൽകുന്നുവെന്ന് നാം കണ്ടു! ജഡം എന്നത്, നമ്മെ ഉയർത്തുകയും ദൈവത്തിലേക്കും മറ്റുള്ളവരിലേക്കും തുറക്കുകയും ചെയ്യുന്ന പരിശുദ്ധാരൂപിയുടെ നേർക്ക് വാതിൽ അടയ്ക്കുകയും ലൗകികപ്രവണതകളെ പിൻചെല്ലുകയും

www.malankaralibrary.com

ചെയ്യുന്നിടമായ തിരശ്ചീനമായ ജീവിതത്തിൽ സ്വയം അടച്ചിടുന്ന മനുഷ്യന്റെ ഭൗമിക മാനത്തെ മാത്രം സൂചിപ്പിക്കുന്ന ഒരു പദമാണ്. ഇവയെല്ലാം പഴഞ്ചനാകുകയും കടന്നു പോകുകയും ചീഞ്ഞഴുകുകയും ചെയ്യുന്നുവെന്നും എന്നാൽ ആത്മാവ് ജീവനേകുന്നുവെന്നും ജഡം ഓർമ്മിപ്പിക്കുന്നു.

ആകയാൽ, ലൈംഗികതയുടെ സ്വാർത്ഥമായ ഉപയോഗം മുതൽ വിഗ്രഹാരാധനയെയും വ്യക്തിബന്ധങ്ങളെ ദുർബ്ബലപ്പെടുത്തുന്ന (cf. 'ഗലാ. 5 , 19–21) തുടങ്ങിയവവരെയുള്ള ജഡത്തിൻറെ പ്രവർത്തനങ്ങളുടെ ഒരു പട്ടിക പൗലോസ് നിരത്തുന്നു. ഇവയെല്ലാം ശരീരത്തിൻറെ മാനുഷികം മാത്രമായ പെരുമാറ്റത്തിന്റെ, ഫലമാണെന്നു പറയാം. മാംസത്തിന്റെ, മനുഷ്യൻ മാത്രമുള്ള ഒരു പെരുമാറ്റത്തിന്റെ, 'രോഗികളായ' മനുഷ്യൻ. കാരണം മനുഷ്യന് അതിന്റേതായ മൂല്യങ്ങളുണ്ട്, എന്നാൽ ഇതെല്ലാം 'രോഗികളായ' മനുഷ്യരാണ്.നേരെമറിച്ച്, 'സ്നേഹം, സന്തോഷം, സമാധാനം, മഹത്വം, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മനിയന്ത്രണം' (ഗലാത്തിയർ 5:22) എന്നിവ ആത്മാവിന്റെ ഫലങ്ങളാണ്. 'ക്രിസ്തുവിനെ ധരിക്കുന്ന' (ഗലാത്തിയർ 3:27) ക്രിസ്ത്യാനികൾ ഈ രീതിയിൽ ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.വിശുദ്ധ പൗലോസ് നിരത്തിയ പട്ടിക വായിക്കുകയും സ്വന്തം പെരുമാറ്റം അതുമായി പൊരുത്തപ്പെടുന്നുണ്ടോ, നമ്മുടെ ജീവിതം യഥാർത്ഥത്തിൽ പരിശുദ്ധാത്മാവിനനുസരിച്ചാണോ, ഈ ഫലങ്ങൾ പേറുന്നുണ്ടോ എന്ന് നോക്കുകയും ചെയ്യുന്നത് നല്ലൊരു ആത്മീയ വ്യായാമമായിരിക്കും. ഉദാഹരണത്തിന്, പട്ടികയിലെ ആദ്യത്തെ മൂന്നെണ്ണം സ്നേഹം, സമാധാനം, സന്തോഷം എന്നിവയാണ്: പരിശുദ്ധാത്മാവ് വസിക്കുന്ന വ്യക്തിയെ ഇതിൽ നിന്ന് നാം തിരിച്ചറിയുന്നു. സമാധാനത്തിലായിരിക്കുന്നവൻ സന്തോഷമുള്ളവനും സ്നേഹിക്കുന്നവനുമാണ്.

അപ്പോസ്തലന്റെ ഈ പ്രബോധനം നമ്മുടെ സമൂഹങ്ങൾക്കും വലിയൊരു വെല്ലുവിളി ഉയർത്തുന്നു.ചിലപ്പോഴൊക്കെ, സഭയെ സമീപിക്കുന്നവർക്ക് കൽപ്പനകളുടെയും നിയമങ്ങളുടെയും ഇടതൂർന്ന സംഹിതകൾക്കു മുന്നിലാണെന്ന ഒരു പ്രതീതിയുണ്ടാകുന്നു: പക്ഷേ അതല്ല ഉണ്ടാകേണ്ടത്, അത് സഭയല്ല! ഏതൊരു സംഘടനയ്ക്കും സമാനമാണ്. എന്നാൽ, വാസ്തവത്തിൽ, യേശുക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ സൗന്ദര്യം, നിരവധിയായ കൽപ്പനകളുടെ സഞ്ചയത്തിലും വിവിധ ശാഖകളിൽ വികസിച്ചുകൊണ്ടിരിക്കുന്നതായൊരു ധാർമ്മിക ദർശനത്തിലും നിന്നാരംഭിച്ചുകൊണ്ട് സ്വീകരിക്കാനാകില്ല. സമാധാനവും സന്തോഷകരമായ സാക്ഷ്യവും പ്രദാനം ചെയ്യാൻ കഴിയുന്ന പ്രാർത്ഥനയാൽ പോഷിപ്പിക്കപ്പെടുന്ന സ്നേഹത്തിന്റെ യഥാർത്ഥ ഫലപ്രാപ്തിയെ മറക്കാൻ അവ ഇടയാക്കുന്നു. അതുപോലെതന്നെ, കൂദാശകളിൽ ആവിഷ്കൃതമാകുന്ന ആത്മാവിലുള്ള ജീവിതം, ഹൃദയപരിവർത്തനത്തിന്റെ കർത്താവായ ആത്മാവിന്റെ കൃപയിലേക്കുള്ള പ്രവേശനം തടയുന്ന ഒരു ഉദ്യോഗസ്ഥമേധാവിത്വത്താൽ ഞെരുക്കപ്പെടാനാകില്ല.ഒരു കൂദാശ നൽകാനും ആളുകളെ സ്വാഗതം ചെയ്യാനും നമ്മൾ തന്നെ, വൈദികരോ മെത്രാന്മാരോ എത്രയോ തവണ ഉദ്യോഗസ്ഥമേധാവിത്വം കാണിച്ചുകൊണ്ട് ജനത്തോടു പറയുന്നു: 'ഇല്ല, എനിക്ക് ഇത് ഇഷ്ടമല്ല', പൊയക്കൊള്ളുക.

പുനരുജ്ജീവിപ്പിക്കുന്ന, സകലത്തിലും നമ്മെ പുതിയതാക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തി പലപ്പോഴും നമ്മിൽ കാണാൻ കഴിയുന്നില്ല., സ്നേഹത്തിന്റെ ആത്മാവിന്റെ നിശ്വാസത്താൽ ജീവസുറ്റവരായി, ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിനെ പ്രഘോഷിക്കുക എന്ന വലിയ ഉത്തരവാദിത്തം നമുക്കുണ്ട്. കാരണം മനുഷ്യന്റെ ഹൃദയത്തെ ആകർഷിക്കാനും പരിവർത്തനം ചെയ്യാനുമുള്ള കരുത്ത് ഈ സ്നേഹത്തിനു മാത്രമേയുള്ളൂ.❍

www.malankaralibrary.com



# ദൈവത്തിന്റെ പ്രിയർക്ക് നക്ഷത്ര പഥമൊരുക്കിയ ഫാ. തോമസ് ഫെലിക്സ് CMI

**അഗസ്റ്റിൻ കണിപ്പിള്ളി**



ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങൾക്കു വേണ്ടി സ്വജീവിതം ഉഴിഞ്ഞു വച്ച ദൈവദാസനാണ് ഭാഗ്യസ്മരണാർഹനായ ഫാ തോമസ് ഫെലിക്സ് .യേശുവിനെപ്പോലെ ശിശുക്കളെ സ്നേഹിച്ച, കുഞ്ഞുങ്ങളിൽ ദൈവപ്രഭ ദർശിച്ച ഒരു പുണ്യാത്മാവ്. സി എം ഐ സന്യാസ സഭാംഗമായാണ് ഫാ തോമസ് ഫെലിക്സ് സമർപ്പിത ജീവിതം ആരംഭിക്കുന്നത്. കോട്ടയം കടുത്തുരുത്തി കുറിച്യാപറമ്പിൽ പരേതരായ വർഗീസ് കുര്യൻ – മറിയാമ്മ ദമ്പതികളുടെ മകനാണ് ഫാ തോമസ് ഫെലിക്സ് .ബാംഗ്ളൂർ ധർമാരാം കോളേജിൽ നിന്ന് ബിരുദവും പെൻസിൽവാനിയ പിറ്റ്സ്ബർഗിലെ ഡ്യൂക്കേൻ സർവ്വകലാശാലയിൽ നിന്ന് ഭിന്നശേഷിക്കാരുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച വിഷയത്തിൽ അദ്ദേഹം ബിരുദാനന്തര ബിരുദവും നേടി. സാധാരണയായുള്ള വിദ്യാഭ്യാസ സമ്പ്രദായം ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രാപ്യമാകില്ലന്ന് തിരിച്ചറിഞ്ഞ ഫാ. ഫെലിക്സ് ഇത്തരക്കാർക്കായി 1980–ൽ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ റിറ്റാർഡേഷൻ എന്ന സ്ഥാപനം ആരംഭിക്കുകയും അതിനായി പ്രത്യേക പാഠ്യ പദ്ധതി ആവിഷ്കരിക്കുകയും ചെയ്തു.. ബുദ്ധി പരമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ വളർച്ചക്കും ബുദ്ധി വികാസത്തിനും ഉപയുക്തമായ 'ത്രീ സി കൺസപ്റ്റ്' , എന്നതായിരുന്നു അദ്ദേഹം രൂപം നൽകിയ പാഠ്യ പദ്ധതി. ഫാ ഫെലിക്സിന്റെ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായ മുൻ രാഷ്ട്രപതി ഡോ എ പി ജെ അബ്ദുൾ കലാം ഫെലിക്സ് അച്ചനേയും കുട്ടികളേയും ഡൽഹിയിൽ രാഷ്ട്രപതി ഭവനിലേക്ക് ക്ഷണിച്ചു വരുത്തി. രാഷ്ട്രപതി ഭവനിലെ കുതിരകളെ കൗതുകത്തോടെ നോക്കി നിന്ന കുട്ടികളോട് കുതിരയെ വേണോ എന്നു ചോദിച്ച ഡോ കലാം അധികം വൈകാതെ ആർമിയുടെ ട്രക്കിൽ രണ്ടു കുതിരകളെ തിരുവനന്തപുര ത്ത് സി ഐ എം ആർ – ൽ എത്തിച്ചു നൽകി. മാത്രമല്ല കുട്ടികളെ കുതിര സവാരി പഠിപ്പിക്കാനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തി. വൈദഗ്ദ്ധ്യമേഖലയിൽ മാത്രമല്ല, കലാ–കായിക രംഗത്തും ഭിന്നശേഷിക്കാരായ കുട്ടികൾ ഒട്ടും പിന്നിലല്ലെന്ന് പലകുറി അച്ചൻ തെളിയിച്ചിട്ടുണ്ട്. കുഞ്ഞുങ്ങൾക്ക് വേണ്ടി മനുഷ്യർക്കു വേണ്ടി സമൂഹത്തിനു വേണ്ടി ഭൂമിയിൽ സന്മനസുള്ളവർക്കു വേണ്ടി ദൈവത്തിനു വേണ്ടി ഉഴിഞ്ഞു വച്ചതായിരുന്നു ഫാ ഫെലിക്സിന്റെ ജീവിതം . ആ ധന്യജീവിതം 2023 ജനുവരി 11 ന് നിത്യതയിൽ വിലയം പ്രാപിച്ചു. സ്വർഗീയനായ ഫാ. ഫെലിക്സ് ഇന്ന് നമുക്കൊരു മാർഗ ദീപമാണ്.❍

www.malankaralibrary.com

# ഈശോ
# നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ
## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



**നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...**

**ജീസസ് ആന്റ് മേരി സന്യാസസഭ**

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*

**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**

www.malankaralibrary.com



# ഹൃദയങ്ങളിൽ നിറഞ്ഞു തുളുമ്പേണം ദൈവിക സ്നേഹം...

സി. ജോസ്ന R.J.M

**വിശുദ്ധാ ക്ലോഡിൻ തെവനെയെക്കുറിച്ചുള്ള ജീവചരിത്ര കുറിപ്പുകളുടെ ആറാം ഭാഗം**



പാവങ്ങളെക്കുറിച്ചുള്ള ചിന്ത വേണമെന്ന ഒരു കർദ്ദിനാളിന്റെ മൃദുമന്ത്രണമാണ് ഫ്രാൻസിസ് പാപ്പ ശിരസ്സാവഹിച്ച ജീവിത വ്രതം. പാപ്പയുടെ ജീവിതത്തിൽ ഉടനീളം പാവങ്ങളോടുള്ള പക്ഷം ചേരൽ പ്രകടമായി തന്നെ ദർശിക്കാൻ കഴിയും.

വിശുദ്ധാ ക്ലോഡിൻ തെവനെയുടെ ജീവിതത്തിന്റെ പടവുകൾ പരതുമ്പോൾ, ആ പുണ്യവതിയുടെ ചില വാക്കുകൾ പ്രസക്തമാണ്. വിശുദ്ധാ പറയുന്നു: "നമ്മുടെ എല്ലാ മുൻഗണനകളും പാവങ്ങൾക്കു വേണ്ടിയായിരിക്കണം, ദരിദ്രരുടെ കുഞ്ഞുമക്കളുടെ മുഖമൊന്ന് നാം സങ്കൽപ്പിച്ചു നോക്കൂ. അവരെ നാം തൊടുമ്പോൾ ഈശോ തൊടുന്നതുപോലെ അവർക്ക് തോന്നണം. ഏതൊരു ദുരിതത്തിലും നൊമ്പരങ്ങളിലും ദരിദ്രരായ കുഞ്ഞുങ്ങൾക്ക് ഓടിവന്ന് കൈപിടിക്കുവാൻ തക്കവിധം നമ്മുടെ ഹൃദയങ്ങളിൽ യേശുസ്നേഹം അലയടിക്കണം. എല്ലാ അമ്മമാരും അങ്ങനെയല്ലേ കുഞ്ഞുങ്ങളോടു പെരുമാറുക ?

ഒരു സന്യാസസമൂഹം സ്ഥാപിക്കണമെന്ന ചിന്തയൊന്നും വിശുദ്ധാ


www.malankaralibrary.com

ക്ലോഡിന് ആദ്യം ഉണ്ടായിരുന്നില്ല. ദൈവത്തെ സ്നേഹിക്കുക, ആത്മാക്കൾക്ക് ശുശ്രൂഷ ചെയ്യുകയെന്ന ദൗത്യം മാത്രമായിരുന്നു വിശുദ്ധായുടെ മുന്നിൽ ഉണ്ടായിരുന്നത്. ഫ്രഞ്ച് വിപ്ലവം തകർത്തെറിഞ്ഞ നാട്ടിൽ എല്ലാവരും അഗതികളായി മാറിയ കാലത്താണ് കുടുംബങ്ങളുടെ സ്നേഹ സാന്ത്വന ശുശ്രൂഷയ്ക്കായി വിശുദ്ധ തെവനെ ഇറങ്ങിത്തിരിച്ചത്

ഇപ്പോൾ പ്രളയങ്ങളും കോവിഡ് മഹാമാരിയുമെല്ലാം കീഴ്മേൽ മറിച്ച ജീവിത സ്വപ്നങ്ങളുടെ ചാരക്കൂനകളിലിരുന്ന് വിലപിക്കുന്ന കുടുംബങ്ങളിലേക്ക് ദൈവസ്നേഹമെത്തിക്കുകയെന്ന കേരള സഭയുടെ ദൗത്യത്തിന് മാതൃകയും പ്രചോദനവുമാണ് പുണ്യവതിയുടെ ജീവിതം.

കഴിഞ്ഞ ലക്കത്തിൽ സേക്രഡ് ഹാർട്ട് ഓഫ് ജീസസ് എന്ന പേരിലുള്ള അസോസിയേഷന്റെ പ്രസിഡണ്ടായി വിശുദ്ധ ക്ലോഡിൻ തെരഞ്ഞെടുക്കപ്പെട്ട കാര്യം എഴുതിയിരുന്നുവല്ലോ. ഈശോയുടെ തിരുഹൃദയത്തിനും സമർപ്പിക്കപ്പെട്ടുകൊണ്ടായിരുന്നു അസോസിയേഷനിൽ സമർപ്പിതരായ അംഗങ്ങൾ ചുമതലയേറ്റത്. രണ്ടു വർഷം കഴിഞ്ഞു. വ്യക്തിപരമായ വിശുദ്ധി പരിപോഷിപ്പിക്കുന്നതിൽ അംഗങ്ങൾ ജാഗ്രത കാണിച്ചു. ആത്മാക്കൾക്കു വേണ്ടിയുള്ള ശുശ്രൂഷകളിലും അവർ പ്രത്യേകം താൽപര്യമെടുത്തിരുന്നു. തന്റെ ആത്മീയ പിതാവായ ഫാ. കോയിൻഡ്രെയുമായുള്ള സംഭാഷണ വേളയിൽ നിരന്തരമായ ഒരു ആത്മീയ സമർപ്പണമെന്ന ലക്ഷ്യം കൈവരിക്കാൻ തനിക്ക് ആഗ്രഹമുള്ളതായി വിശുദ്ധ തെവനെ പറഞ്ഞിരുന്നു. 1818 ജൂലൈ 31 ന് അസോസിയേഷൻ രണ്ടാം വാർഷികമാഘോഷിച്ചു. അന്നത്തെ കൂടിയാലോചനകളിൽ ഫാ. കോയിൻഡ്രേ വിശുദ്ധ അഗസ്റ്റിൻ, വിശുദ്ധ ഇഗ്നേഷ്യസ് എന്നിവരുടെ സന്യാസ സമൂഹങ്ങളുടെ നിയമങ്ങളും നിർദ്ദേശങ്ങളും പാലിക്കുന്ന പുതിയൊരു സന്യസ്ത സമൂഹം സ്ഥാപിക്കുന്നതിനെക്കുറിച്ച് വെളിപ്പെടുത്തി. പുതിയതായി ചേർക്കപ്പെട്ടവരടക്കം 26 പേർ അന്ന് അസോസിയേഷനിലുണ്ടായിരുന്നു. **(തുടരും )**

www.malankaralibrary.com




# വിശ്വാസത്തിന്റെ 'പാലാഴി' കടഞ്ഞു കിട്ടിയ ജീവിതവിജയം

**ജിൽസൺ കിഴക്കേക്കര**



**ഒരു ക്രൈസ്തവനെന്ന നിലയിൽ ദൈവത്തിൽ വിശ്വസിച്ചാൽ വിജയിക്കാമെന്ന ദൈവിക വാഗ്ദാനം നമ്മുടെ ജീവിതത്തോടു കൂടുതൽ ചേർത്തുവയ്ക്കേണ്ട നാളുകളാണിത്. സാധാരണക്കാരായ വിശ്വാസികളുടെ അസാധാരണമെന്നു മറ്റുള്ളവർക്കു തോന്നാവുന്ന വിജയകഥകൾ ഈപംക്തിയിൽ വായിക്കാം-**

തിരുവമ്പാടിയ്ക്കടുത്തുള്ള നാൽപ്പതുമേനി എന്ന കൊച്ചുഗ്രാമത്തിൽ ജീവിക്കുന്ന സജീവ് വിശ്വാസജീവിതത്തിൽ നൂറുമേനി കൊയ്ത കഥയാണിത്. കഥയെന്നു പറയാനാവില്ല, പച്ചയായ ജീവിതം തന്നെയാണ് ഇനി നിങ്ങൾക്ക് ഇവിടെ വായിക്കാനാവുക.

പുരയിടത്തിൽ ആണ് സജീവിന്റെ കുടുംബനാമം. ഈ കുടുംബത്തിലെ പതിനൊന്നു മക്കളിൽ ഇളയമകൻ. താമരശ്ശേരി രൂപതയിലെ തിരുവമ്പാടി സേക്രഡ് ഹാർട്ട് ഇടവകാംഗമായ സജീവും സഹോദരി ഭർത്താവുമായ ഫിലിപ്പും ജോണും ചേർന്നാണ് ജെ പി എസ് agro products പാലാഴി ജൈവ കാലിത്തീറ്റ നിർമ്മിച്ചു തുടങ്ങിയത് 2000-ലാണ്. ഈ സംരംഭം വിജയമായതോടെ 2005 ലാണ് പാലാഴി ബയോ ഡയറി ഫാം ആരംഭിച്ചത്. ശരാശരി 1000 ലിറ്റർ പാൽ ജെ പി എസ് പവൻ മിൽക് എന്ന ബ്രാന്റിൽ വിൽക്കുന്ന വിധം ഫാം വിജയമായി.2015ൽ കേരള സർക്കാരിന്റെ മികച്ച commercial ഡയറി ഫാമിന് ഏർപ്പെടുത്തിയ പ്രഥമ സംസ്ഥാന award കരസ്ഥമാക്കി. പ്രത്യക്ഷമായി തന്നെ 40-ഓളം കുടുംബങ്ങൾ പാലാഴി ഫാമിനെ ആശ്രയിച്ചു കഴിയുമ്പോഴാണ് പ്രളയത്തെ തുടർന്ന് കോവിഡ് മഹാമാരിയുടെ വരവ്. ഇതോടെ വ്യാപാര സ്ഥാപനങ്ങൾക്ക് താഴ് വീണു. പാലാഴി ഫാമിൽ നിന്നുള്ള പാലിന്റെ 80 ശതമാനവും കടകൾ

www.malankaralibrary.com


സജീവ് പാലാഴി

ക്കാണ് നൽകി വന്നിരുന്നത്. പാൽ വാങ്ങാൻ കടകൾ ഇല്ലാതായതോടെ എല്ലാം തകിടം മറിഞ്ഞു. വലിയൊരു കടക്കെണിയിലേക്കാണ് സ്ഥാപനം പോകുന്നതെന്ന ഭയപ്പാട് സജീവിനെ അലോസരപ്പെടുത്തിയെങ്കിലും, കോവിഡിന്റെ കാലഘട്ടങ്ങളിലും 'പാലാഴി'യെ ആശ്രയിച്ച് കഴിഞ്ഞിരുന്ന കുടുംബങ്ങളെയും പാൽ ചുരത്തിത്തരുന്ന 120 പശുക്കളെയും നഷ്ടം സഹിച്ചും സജീവ് ചേർത്തുനിർത്തി.

ഓരോ ദിവസവും വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് കണ്ണീരിട്ട് പ്രാർത്ഥിച്ചിരുന്ന സജീവ് ഈ പ്രതിസന്ധിയിൽ നിന്ന് കരകയറാൻ പല വഴിയും തേടി. പലരുടെയും ഉപദേശങ്ങൾ ആരാഞ്ഞു. അപ്പോഴാണ് അടുത്ത സ്നേഹിതനായ ജോജോ കാഞ്ഞിരക്കാടന്റെ സഹായത്തോടെ പാലാ സ്വദേശിയായ ഡോ. ജോഷി ചെറിയാനെ പരിചയപ്പെടുന്നത്. പ്രാർത്ഥിക്കുമ്പോൾ കിട്ടിയ ഒരു ഉൾവിളി പോലെ ബയോ ഫെർട്ടിലൈസർ നിർമ്മാണത്തിലേക്ക് നീങ്ങാൻ സജീവ് തീരുമാനിക്കുകയായിരുന്നു. ഈ സംരംഭം തുടങ്ങാനുള്ള നിർദ്ദേശങ്ങൾ ഡോ. ജോഷിയിൽ നിന്ന് സജീവിന് ലഭിച്ചു. അങ്ങനെ പാലാഴി ബയോഫെർട്ടിലൈസേഴ്സ് യാഥാർത്ഥ്യമായി. സജീവ് മാനേജിങ്ങ് പാർട്ട്ണറും സഹോദരീ ഭർത്താവുമായ കെ.സി. ഫിലിപ്പ് കണ്ടത്തുംതൊട്ടുകൈയിൽ പാർട്ണറുമായിട്ടാണ് ഈ സംരംഭം ആരംഭിച്ചത്. ഇപ്പോൾ ഇൻഫാമുമായി സഹകരിച്ച് ജൈവ വളത്തിന്റെ വിതരണം ഊർജ്ജിതമാക്കാനുള്ള ശ്രമവും നടന്നുവരികയാണെന്ന് സജീവ് പറയുന്നു. ഇൻഡോർ ചെടികൾക്കായുള്ള ജൈവവളവും പാലാഴി ഇപ്പോൾ നിർമ്മിച്ചു തുടങ്ങിയിട്ടുണ്ട്.



അഞ്ചു മക്കളാണ് സജീവ് ഷീബ ദമ്പതികൾക്കുള്ളത്. തകർച്ചകളിൽ ദൈവം ചാരാനൊരുക്കിത്തന്ന തോളായിരുന്നു സ്വന്തം ജീവിതപങ്കാളിയുടേതെന്ന് സജീവ് കൂട്ടതലായി തിരിച്ചറിഞ്ഞതും ആ നാളുകളിലാണ്. ചിലപ്പോൾ, പ്രതിസന്ധികൾ ഓരോ ക്രൈസ്തവന്റെ മുമ്പിലും ഭീതിദമാംവിധം അവതരിച്ചേക്കാം. സജീവിന്റെ ജീവിതത്തിലും ഇത്തരമൊരു പ്രതിസന്ധി കരിനിഴൽ പടർത്തിയപ്പോൾ ഒരു ക്രൈസ്തവനെന്ന നിലയിൽ അദ്ദേഹം ആശ്രയിച്ചത് പൂർണ്ണമായും ദൈവത്തിലാണ്. മനസ്സ് വിങ്ങുമ്പോഴും, തൊണ്ടയിൽ ഗദ്ഗദങ്ങൾ വന്ന് ശബ്ദം പോലും ഇടറിപ്പോകുമ്പോഴും സജീവ് സർവശക്തനായ ദൈവത്തിൽ അഭയം തേടി. "ഞാൻ അധ്വാനിക്കുന്നുണ്ട്. എനിക്ക് വിജയം നൽകേണ്ടത് അവിടന്ന് മാത്രമാണ്" എന്ന് ആത്മഗതം ചെയ്തുകൊണ്ട് തന്റെ എല്ലാ തകർച്ചകളും ദൈവതിരുമുമ്പിൽ സമർപ്പിക്കുകയായിരുന്നു. ശരിയാണ്, സജീവിന്റെ ഉരുകുന്ന ഹൃദയം ദൈവസന്നിധിയിൽ ഒരുബലിയായി സമർപ്പിച്ചപ്പോൾ ആ കുടുംബത്തിലേക്ക് ദൈവം ആകാശം ചായിച്ചിറങ്ങിവരിക തന്നെ ചെയ്തു ! ❍



www.malankaralibrary.com





www.malankaralibrary.com

# രൂപതാ തലത്തിൽ നിന്ന് പൊന്തിഫിക്കൽപദവിയിലേക്ക്; മാറ്റങ്ങൾ ഏതു വിധം ?

**ഫാ. സ്റ്റീഫൻ തോമസ് ചാലക്കര**

2014 ൽ സന്യസ്ത വർഷാചരണത്തിനു തുടക്കം കുറിക്കവേ, കത്തോലിക്കാ സഭയുടെ പ്രവാചക സാന്നിധ്യവും സ്വർഗ്ഗ ജീവിതത്തിന്റെ പ്രതീകാത്മക ആവിഷ്കാരവുമായ സന്യാസത്തിന്റെ അന്തസ്സത്ത ആവർത്തിച്ച് വിശദമാക്കി ഫ്രാൻസിസ് മാർപാപ്പ. 'സന്യസ്തരുടെ നിലപാടുകളും തെരഞ്ഞെടുപ്പുകളും മുൻഗണനാ ക്രമങ്ങളും മറ്റേതെങ്കിലും വ്യക്തികളുടേതു പോലെയാകാൻ പാടില്ല. പ്രബോധനത്തിനും ദർശനത്തിനും വേണ്ടി നമ്മെ ഉറ്റുനോക്കുന്ന ലോകത്തിനു മാർഗ്ഗദർശനമേകാൻ കഴിയണം. മറിച്ചുള്ള ശൈലികൾ മറികടക്കേണ്ടതുണ്ട്' പ്രത്യേക സന്ദേശത്തിൽ പാപ്പാ നൽകിയ ആഹ്വാനം ഇങ്ങനെ.സന്യാസജീവിതത്തിന്റെ പ്രത്യേകതകളും പ്രാധാന്യവും ക്രൈസ്തവ സമൂഹം മനസിലാക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തിരുസഭയെക്കുറിച്ചുള്ള രേഖയിലെ ആറാമത്തെ അദ്ധ്യായവും സന്യാസ ജീവിത നവീകരണത്തെക്കുറിച്ചുള്ള ഡിക്രിയും ഇതുസംബന്ധിച്ചുള്ള അവശ്യപ്രബോധനം ലോകത്തിന് നൽകുന്നുണ്ട്.



കത്തോലിക്കാ സഭയിലെ ഭൂരിപക്ഷം സന്യാസ സമൂഹങ്ങൾക്കും പൊന്തിഫിക്കൽ പദവിയുണ്ട്. മാർപാപ്പയുടെ നേരിട്ടുള്ള മേൽനോട്ടത്തിലേക്കുള്ള ആരോഹണമാണിതോടെ സംഭവിക്കുന്നത്. Di diritto pontificio എന്ന് ഇറ്റാലിയൻ ഭാഷയിൽ പറയുന്ന പൊന്തിഫിക്കൽ റൈറ്റ് മാർപാപ്പയുടെ അംഗീകാരമാണ്. പൊന്തിഫിക്കൽ ആകുന്നതിനു മുമ്പ് മിക്ക സന്യാസസമൂഹങ്ങളും രൂപം കൊള്ളുന്നത് രൂപതയുടെ കീഴിലും നേരിട്ടുള്ള മേൽക്കോയ്മയിലുമാണ്. പൊന്തിഫിക്കൽ പദവി കൈവരുന്നതോടെ, സന്യാസ സമൂഹത്തിന് സേവനമനുഷ്ഠിക്കുന്ന ഇടങ്ങളിൽ റീത്തുകൾക്കതീതമായി തദ്ദേശീയ രൂപതയുടെ കീഴിൽ അവിടത്തെ ആരാധനാക്രമം പിന്തുടരാനാകും. പ്രാദേശിക ബിഷപ്പിന് അവരെ സേവനത്തിന് ക്ഷണിക്കാം. വൈദിക, സന്യാസസമൂഹങ്ങളെ എവിടെ സേവനത്തിനു നിയോഗിക്കണമെന്നു തീരുമാനിക്കാം.എന്നാൽ കൂട്ടായ്മയുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാനാകില്ല.

www.malankaralibrary.com



ഈജിപ്റ്റിലെ മരുഭൂമിയിലാണ് താപസജീവിതത്തിന് സഭയിൽ തുടക്കം കുറിച്ചത്. താപസനായ വി. അന്തോണീസും പക്കോമിയൂസും തേബസിലെ ബസേലിയോസുമൊക്കെ ഈ രീതിയിൽ കഠിനതപസ്വികളായിരുന്നു. അക്കാലഘട്ടങ്ങളിലെ കഠിനമായ ഏകാന്ത ജീവിതത്തിൽ നിന്നും വി. പക്കോമിയൂസിന്റെ കാലഘട്ടത്തിൽ സമൂഹജീവിതത്തിലേക്ക് സന്യാസജീവിതം മാറുകയുണ്ടായി. കാലക്രമേണ മറ്റ് പ്രദേശങ്ങളിലേക്കും സന്യാസ ജീവിതം വ്യാപിച്ചു. കപ്പദോക്യയിലെ മഹാനായ വി. ബസേലിയോസ് സന്യാസ നിയമങ്ങൾക്ക് അടുക്കും ചിട്ടയും നൽകി.

**സേവനത്തിന്റെ സുവിശേഷം**

സന്യാസവ്രതങ്ങൾ പാലിക്കുന്നവർക്ക് പ്രേഷിതരംഗത്ത് കൂടുതൽ സജീവമായി പ്രവർത്തിക്കാൻ കഴിയുന്നുവെന്നതു ചരിത്ര വസ്തുതയാണ്. ഇന്നത്തെ ക്രൈസ്തവരുടെ ഇടയിലും വിശ്വാസം പകർന്നു കൊടുക്കുന്നതിൽ സന്യസ്തരാണ് വലിയ പങ്കു വഹിക്കുന്നത്. തിരുസഭയുടെ പ്രേഷിതപ്രവർത്തനത്തെ സംബന്ധിക്കുന്ന കൗൺസിൽ ഡിക്രിയിൽ ഇങ്ങനെ പ്രഖ്യാപനമുണ്ട്:'തീർത്ഥാടക സഭ സ്വഭാവത്താലേ തന്നെ പ്രേഷിതയാണ്. കാരണം പിതാവായ ദൈവത്തിന്റെ പദ്ധതിപ്രകാരമുള്ള പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും പ്രേഷിതത്വത്തിൽ നിന്നാണ് അവളുടെ ഉത്ഭവം.' സന്യാസ സമൂഹങ്ങൾ പ്രേഷിതരംഗത്ത് കഴിഞ്ഞകാലങ്ങളിലെല്ലാം നൽകിയ സേവനം വിസ്മരിക്കാനാവില്ല. വീടും നാടും വിട്ട് ലോകത്തിന്റെ അതിർത്തികൾ വരെ പോയി സുവിശേഷം പ്രസംഗിക്കുവാൻ സന്യസ്തരാണ് എന്നും തയ്യാറായിട്ടുള്ളത്. പ്രസംഗിക്കുക മാത്രമല്ല വിദ്യാലയങ്ങളും ആതുരാലയങ്ങളും പടുത്തുയർത്തുകയും സേവന രംഗം വിസ്തൃതമാക്കുകയും ചെയ്തു അവർ.

കത്തോലിക്കാ സഭയിൽ സന്യസിനീസന്യസിമാർക്ക് പാവനവും ശ്രേഷ്ഠവുമായ ഒരു സ്ഥാനമുണ്ട്. പൊതുവായി സന്യസ്തർ എന്നോ സമർപ്പിതർ എന്നോ ഇവർ വിളിക്കപ്പെടുന്നു. ആദ്ധ്യാത്മിക മണ്ഡലങ്ങൾക്ക് പുറമേ ആതുരശുശ്രൂഷ, വിദ്യാഭ്യാസം, സാമൂഹികം, സാംസ്കാരികം തുടങ്ങിയ എല്ലാ മണ്ഡലങ്ങളിലും ഇവരുടെ സേവനം നിർണ്ണായകമാണ്.

**സന്യസ്തരും വിധേയത്വവും**

സഭയുടെ പരമാധികാരിയായ മാർപാപ്പ എല്ലാ സന്യസ്തരുടേയും ഏറ്റവും ഉയർന്ന അധികാരിയാണ്. അനുസരണവ്രതം അനുസരിച്ച് സന്യസ്തർ തങ്ങളുടെ സന്യാസസമൂഹത്തിന്റെ നിയമാനുസൃതമുള്ള അധികാരികൾക്ക് കീഴ്വഴങ്ങുന്നതു പോലെ, മാർപാപ്പയ്ക്കും കീഴ് വഴങ്ങി ജീവിക്കാൻ ബാദ്ധ്യസ്ഥരാണ്. ❍

www.malankaralibrary.com



# ലോകഭൂപടത്തിൽ ഇടംതേടി കേരളത്തിൽനിന്നുള്ള ഒരു സമർപ്പിത സമൂഹം

**സിസ്റ്റർ ശാന്തി ആന്റണി**
(സുപ്പീരിയർ ജനറൽ, എം.എസ്.എസ്.ടി.)



അറുപത്തിനാല് വർഷങ്ങൾക്കുമുമ്പ്, 1959-ൽ കൊല്ലം മെത്രാനായിരുന്ന ബിഷപ്പ് ഡോ. ജെറോം എം. ഫെർണാണ്ടസ് സ്ഥാപിച്ച മിഷണറി സിസ്റ്റേഴ്സ് ഓഫ് സെന്റ് തെരേസ് ഓഫ് ഇൻഫന്റ് ജീസസിനെ (എം.എസ്.എസ്.ടി.) പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തിയതിന്റെ ഔദ്യോഗിക പ്രഖ്യാപനം 2023 ഫെബ്രുവരി 18-ന് കൊല്ലം രൂപതയിലെ ഉമയനല്ലൂരിൽ നടക്കുമ്പോൾ, ആ വിളംബരത്തിന്റെ ഓളങ്ങൾ പ്രസരിപ്പിക്കുന്നത് ലോകമെങ്ങും അനുഭവപ്പെട്ട യേശുസ്നേഹത്തിന്റെ സുഗന്ധമാണ്. കാരണം, ഇപ്പോൾ ഈ സന്ന്യാസിനീ സമൂഹത്തിന്റെ സ്ഥാപകനായ ജെറോം പിതാവിനെ പരിശുദ്ധ സിംഹാസനം ദൈവദാസനായി പ്രഖ്യാപിച്ചിട്ട് 2023 ഫെബ്രുവരി 24-ന് നാലുവർഷം തികയുന്നു. ഇന്നും തീരദേശത്തിന്റെ മക്കൾ അവരുടെ ഹൃദയമുറിവുകളുണക്കാൻ മാധ്യസ്ഥ്യം യാചിച്ച് ജെറോം പിതാവിന്റെ സ്മൃതികുടീരത്തിലെത്തുന്നു.

**സന്ന്യാസിനീസമൂഹത്തിന്റെ തുടക്കം**

ഉണ്ണിയീശോയുടെ കൊച്ചുത്രേസ്യയുടെ മാദ്ധ്യസ്ഥ്യം അപേക്ഷിച്ചുകൊണ്ട് ഫാ. വിജിലൂസ് ടി.ഒ.സി.ഡി.യാണ് 1941 ഏപ്രിൽ 1-ന് സ്ത്രീകൾക്കായുള്ള ഒരു ഭക്തസംഘടനയ്ക്ക് രൂപം

www.malankaralibrary.com



നൽകിയത്. തൃശ്ശൂർ രൂപതയിലെ ചേലക്കരയിലാണ് കൊച്ചുത്രേസ്യ എന്ന അല്മായ സഹോദരിയുടെ നേതൃത്വത്തിലും ഫാ. വിജിലൂസിന്റെ ആത്മീയശിക്ഷണത്തിലുമാണ് ഈ ഭക്തസംഘടന പ്രവർത്തിച്ചുവന്നിരുന്നത്. 12 വർഷം കഴിഞ്ഞിട്ടും ഈ സംഘടനയുടെ പ്രവർത്തനം തൃപ്തികരമായി മുന്നോട്ടുപോയില്ല. അതോടെ, ഈ ഭക്തസംഘടനയിൽപെട്ടവരെ ബിഷപ്പ് ജെറോം കൊല്ലത്തേക്ക് ക്ഷണിച്ചു. 1953 ഏപ്രിൽ 25–ന് മാവേലിക്കരയ്ക്കടുത്തുള്ള കുന്നം എന്ന ഗ്രാമത്തിൽ ഭക്തസ്ത്രീകളുടെ ഈ കൂട്ടായ്മ ഒരു കൊച്ചു കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങി. ചെറുപുഷ്പത്തിന്റെ മിഷണറി സിസ്റ്റേഴ്സിന്റെ ഭക്തസംഘം എന്ന പേരിലായിരുന്നു ആദ്യകാല പ്രവർത്തനങ്ങൾ. 1959 ജനുവരി 27–ന് പരിശുദ്ധ സിംഹാസനം ഈ കൂട്ടായ്മയെ സന്ന്യസ്ത സമൂഹമായി അംഗീകരിച്ചു. അതോടെ കുന്നത്തുതന്നെ ഒരു നൊവിഷ്യേറ്റ് ആരംഭിക്കാനും വത്തിക്കാൻ അനുമതി നൽകി. 1959 ഫെബ്രുവരി 5–ന് 4 അർത്ഥിനികൾ സന്ന്യാസവസ്ത്രം സ്വീകരിച്ചു. 1972 ഡിസംബർ 2–നാണ് ജെറോം പിതാവ് കുന്നത്തുനിന്ന് മദർ ഹൗസും നൊവിഷ്യേറ്റും ഉമയനല്ലൂരിലേക്ക് മാറ്റാൻ കൽപ്പന പുറപ്പെടുവിച്ചത്. അങ്ങനെ എം.എസ്.എസ്.ടി.യുടെ മദർഹൗസ് ചെറുപുഷ്പ നിവാസായും പുതിയ നൊവിഷ്യേറ്റ് ചെറുപുഷ്പ നൊവിഷ്യേറ്റായും ബിഷപ്പ് ജെറോം പുനർ നാമകരണം ചെയ്തു.

**എം.എസ്.എസ്.ടി. ലോക ഭൂപടത്തിലേക്ക്**

1992–ൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ റീത്തനുസരിച്ച് സന്ന്യസ്ത സമൂഹത്തെ രണ്ടായി വിഭജിച്ചു. സീറോ മലബാർ റീത്തിൽപെട്ട സന്ന്യസ്തർ ചങ്ങനാശ്ശേരി അതിരൂപതയിൽ പുതിയൊരു പേരിൽ പ്രവർത്തനം തുടങ്ങി. ബിഷപ്പ് ജെറോം സ്ഥാപിച്ച സന്ന്യസ്ത സമൂഹം കൊല്ലം രൂപതയിൽത്തന്നെ പ്രവർത്തനം കേന്ദ്രീകരിച്ചു. പിന്നീട് ഇന്ത്യയിലേക്കും വിദേശ രാജ്യങ്ങളിലേക്കും ഈ സമൂഹം പ്രവർത്തനം വ്യാപിപ്പിച്ചു. ഏറ്റവും ഒടുവിൽ എം.എസ്.എസ്.ടി. സമൂഹം ഇറ്റലിയിലെ സാൻ മിനിയാറ്റോ രൂപതയിലെ ഒറന്റോനോ എന്ന സ്ഥലത്താണ് പുതിയ മഠം സ്ഥാപിച്ചിട്ടുള്ളത്.

എന്റെ ദൈവവിളി സ്നേഹമാണെന്ന മുദ്രാവാക്യത്തിന്റെ പശ്ചാത്തലത്തിലാണ് എം.എസ്.എസ്.ടി. സമൂഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളും. കൊല്ലം രൂപതയ്ക്ക് പൗരാണികമായ പാരമ്പര്യം ഏറെയുണ്ടെങ്കിലും, അവിടെയുള്ള ദൈവജനത്തിൽ മുക്കാൽ പങ്കും ദരിദ്രരായിരുന്നു. ഒരു വള്ളിച്ചെരുപ്പുമിട്ട്, കാവി നിറത്തിലുള്ള കുപ്പായവും ധരിച്ച് ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്ന സ്ഥാപകനെ പിന്തുടരുമ്പോൾ, അവിടെ ദൈവസ്നേഹത്തിന്റെ പരിമളം പരത്താൻ ഈ സന്ന്യാസിനീ സമൂഹത്തിനു കഴിഞ്ഞു.

**ചെറുപുഷ്പത്തിന്റെ മക്കൾ നടത്തിയ സ്നേഹശുശ്രൂഷകൾ**

കൊല്ലം രൂപതയിൽ വീടില്ലാത്തവർ ഏറെയായിരുന്നു. അടച്ചുറപ്പില്ലാത്ത വീടുകളും പ്രാഥ

www.malankaralibrary.com



മിക സൗകര്യങ്ങൾക്കുപോലും സുരക്ഷിത ഇടമില്ലാത്തതും തീരദേശത്തെ പെൺകുട്ടികളുടെ ജീവിതം ദുസ്സഹമാക്കിയിരുന്നു. ആ കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചുനൽകിയും പെൺകുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകിയും 'ചെറുപുഷ്പത്തിന്റെ മക്കൾ' വർഷങ്ങളായി അവരുടെ ദൗത്യം നിറവേറ്റിവരികയാണ്.

രൂപതകളിലെ ഇടവകകളിലുള്ള വീടുകളിലേക്ക് കടന്നുചെന്ന സന്ന്യസ്തർ, അവരുടെ ദുരിതങ്ങളിൽപോലും ദൈവപരിപാലനയുടെ സ്പർശമുണ്ടെന്ന് പഠിപ്പിക്കുക മാത്രമല്ല, കഴിയാവുന്നത്ര രീതിയിൽ ആ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയും സാന്ത്വനമേകുകയും ചെയ്തു. 1992 ഫെബ്രുവരി 26-ന് നിത്യനിദ്ര പൂകുംവരെ ജെറോം പിതാവിന്റെ വാത്സല്യം ഈ സമർപ്പിത സമൂഹത്തിനു ലഭിച്ചിരുന്നു.

കൊല്ലം രൂപതയെ നയിച്ച എല്ലാ അഭിവന്ദ്യ പിതാക്കന്മാരുടെയും പിതൃവാത്സല്യം ഞങ്ങൾക്ക് എല്ലാ കാലത്തും ലഭിച്ചിട്ടുണ്ട്. പൊന്തിഫിക്കൽ പദവി പ്രഖ്യാപന ചടങ്ങിലെ അഭിവന്ദ്യ പിതാക്കന്മാരുടെ അനുഗ്രഹീത സാന്നിധ്യംതന്നെ, ഇതിന് തെളിവാണ്. മതബോധനം, യുവജനശുശ്രൂഷ, സ്ത്രീശാക്തീകരണം, സുവിശേഷവത്കരണം എന്നീ മേഖലകളിലെല്ലാം ഇടവക വികാരിമാരുടെ നിർദ്ദേശാനുസരണം എം.എസ്.എസ്.ടി. സമർപ്പിതർ ഇപ്പോഴും പ്രവർത്തിച്ചുവരുന്നുണ്ട്.

മാർതോമാശ്ലീഹയുടേയും വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെയും ത്യാഗനിർഭരമായ മിഷണറി ദൗത്യത്തിനു പിന്നാലെ, എളിമയോടെ ദൈവജനത്തോടൊപ്പം, അവരെ ശുശ്രൂഷിച്ചുകൊണ്ട് ഞങ്ങളും നടന്നുനീങ്ങുകയാണ്. ഫ്രാൻസിസ് പാപ്പയുടെ 'എല്ലാവരും സഹോദരർ' എന്ന ചാക്രിക ലേഖനത്തിലെ ആശയങ്ങൾ, വർഷങ്ങൾക്കുമുമ്പേ പ്രാവർത്തികമാക്കിയ ഞങ്ങളുടെ ദൈവദാസനായ സ്ഥാപകൻ ജെറോം പിതാവിന്റെ പ്രാർത്ഥന ഞങ്ങളോടൊപ്പമുണ്ട്. പരിശുദ്ധ അമ്മയുടേയും വിശുദ്ധ യൗസേപ്പിതാവിന്റെയും സ്നേഹകടാക്ഷങ്ങളേറ്റുവാങ്ങിയ വിശുദ്ധ കൊച്ചുത്രേസ്യയെന്ന ചെറുപുഷ്പം പ്രസരിപ്പിക്കുന്ന യേശുസ്നേഹത്തിന്റെ പ്രകാശം ലോകമെങ്ങും എത്തിക്കുവാൻ എം.എസ്.എസ്.ടി. സന്ന്യാസ സമൂഹം ഏവരുടേയും പ്രാർത്ഥനാ സഹായം തേടുകയാണ്. "ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്ന"തെന്ന വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ സാക്ഷ്യത്തിലേക്ക് ഞങ്ങളുടെ സമർപ്പിത സമൂഹത്തിന് വളർന്ന് ആത്മീയമായ കരുത്തുസ്വായത്തമാക്കാൻ ദൈവസന്നിധിയിൽ നിങ്ങൾ ഞങ്ങൾക്കായി കൂപ്പുന്ന ഓരോ കരദ്വയങ്ങളിലൂടെയും കഴിയുമെന്ന് പ്രത്യാശിക്കുന്നു; പ്രാർത്ഥിക്കുന്നു. ❍

www.malankaralibrary.com



# എം.എസ്.എസ്.ടി. സന്ന്യാസ സമൂഹത്തിന്റെ പൊന്തിഫിക്കൽ പദവി പ്രഖ്യാപനം 18-ന്

**സി ജെസ്‌ലിൻ ജോസഫ് MSST**



മിഷണറി സിസ്റ്റേഴ്സ് ഓഫ് സെന്റ് തെരേസ് ഓഫ് ഇൻഫന്റ് ജീസസിനെ പരിശുദ്ധ സിംഹാസനം പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തിയതിന്റെ ഔദ്യോഗിക പ്രഖ്യാപനം 2023 ഫെബ്രുവരി 18-ന് കൊല്ലം ഉമയനല്ലൂരിൽ ചെറുപുഷ്പ നിവാസിൽ നടത്തും.
അന്നേ ദിവസം രാവിലെ 10.30ന് ആഘോഷമായ ദിവ്യബലിക്ക് തിരുവനന്തപുരം ആർച്ച്ബിഷപ്പ് മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ മുഖ്യ കാർമ്മികത്വം വഹിക്കും.
പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുന്ന മാർപാപ്പയുടെ ഡിക്രി കൊല്ലം ബിഷപ്പ് റൈറ്റ് റവ. ഡോ. പോൾ മുല്ലശ്ശേരി വായിക്കും. കോഴിക്കോട് മെത്രാനും കെ.ആർ.എൽ.സി.ബി.സി. പ്രസിഡന്റുമായ റൈറ്റ് റവ. ഡോ. വർഗ്ഗീസ് ചക്കാലക്കൽ വചനപ്രഘോഷണം നടത്തും. നെയ്യാറ്റിൻകര രൂപതാ മെത്രാൻ റൈറ്റ് റവ. ഡോ. വിൻസന്റ് സാമുവൽ, മാവേലിക്കര രൂപതാ മെത്രാൻ ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്, കൊല്ലം ബിഷപ്പ് എമരിത്തുസ് റൈറ്റ് റവ. ഡോ. സ്റ്റാൻലി റോമൻ, വിജയപുരം രൂപതാ മെത്രാൻ റൈറ്റ് റവ. ഡോ. സെബാസ്റ്റിയൻ തെക്കേതെച്ചേരിൽ, പുനലൂർ മെത്രാൻ റൈറ്റ് റവ. ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ, റോമിലെ സമർപ്പിത സമൂഹങ്ങൾക്കായുള്ള കോൺഗ്രിഗേഷന്റെ പ്രതിനിധി വെരി റവ. മോൺ. നിക്കോളാ ജെറുൻഡിനി എന്നിവർ സഹകാർമ്മികരായിരിക്കും. രാവിലെ 9 മണിക്ക് സന്ന്യാസിനീ സമൂഹത്തിന്റെ പതാക കൊല്ലം ബിഷപ്പ് എമരിത്തുസ് ജോസഫ് ജി. ഫെർണാണ്ടസ് ആശീർവദിക്കും.
വൈകുന്നേരം 3 മണിക്കാണ് പൊതുസമ്മേളനം. എം.എസ്.എസ്.ടി. സുപ്പീരിയർ ജനറൽ വെരി റവ. സി. ശാന്തി ആന്റണി സ്വാഗതം പറയും. കൊല്ലം ബിഷപ്പ് റൈറ്റ് റവ. ഡോ. പോൾ ആന്റണി മുല്ലശ്ശേരി അദ്ധ്യക്ഷത വഹിക്കും. മാവേലിക്കര ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് ഉദ്ഘാടന പ്രസംഗവും പുനലൂർ ബിഷപ്പ് റൈറ്റ് റവ. ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൽ അനുഗ്രഹ പ്രഭാഷണവും കൊല്ലം ബിഷപ്പ് എമരിത്തുസ് റൈറ്റ് റവ. ഡോ. സ്റ്റാൻലി റോമൻ മുഖ്യ പ്രഭാഷണവും നടത്തും. വെരി റവ. മോൺ. നിക്കോളാ റെറുൻഡിനി (കോൺഗ്രിഗേഷൻ ഓഫ് കോൺ സേക്രഡ് ലൈഫ്, റോം), വെരി. റവ. ഡോ. വർഗ്ഗീസ് മാളിയേക്കൽ ഒ.സി.ഡി. (പ്രൊവിൻഷ്യൽ, സൗത്ത് കേരള പ്രൊവിൻസ്), വെരി റവ. ഫാ. ബൈജു ജൂലിയൻ (എപ്പിസ്കോപ്പൽ വികാർ ആന്റ് പോസ്റ്റുലേറ്റർ), വെരി റവ. ഫാ. ജോസഫ് പഴമ്പാശ്ശേരി ഒ.എഫ്.എം. കപ്പൂച്ചിൻ (സുപ്പീരിയർ ആന്റ് റെക്ടർ, ബോധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി, തില്ലേരി), വെരി റവ. സി. റെക്സിയാ മേരി (സുപ്പീരിയർ ജനറൽ, എഫ്.ഐ.എച്ച്.), വെരി റവ. ഫാ. മെർലിൻ ജേക്കബ് (സുപ്പീരിയർ ജനറൽ, എം.എൽ.എഫ്.), ശ്രീ. സി.എ. ജോണി പള്ളിവാതുക്കൽ (ജോണി ആന്റ് കോ), ശ്രീമതി ജെയിൻ ആൻസിൽ ഫ്രാൻസിസ് (പ്രസിഡന്റ്, കെ.എൽ.സി.ഡബ്ല്യൂ.എ.) എന്നിവർ ആശംസ നേരും. സി. ജെസ്സി തോമസ് എം.എസ്.എസ്.ടി. (പ്രോഗ്രാം കൺവീനർ) നന്ദി പറയും. തുടർന്ന് കലാപരിപാടികളും ഉണ്ടായിരിക്കും. ❍

www.malankaralibrary.com




കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ജേതാവ് പ്രൊഫ. എം തോമസ് മാത്യുവിന് കെസിബിസിയുടെ ആദരം.



പ്രതിമാസം പി. ഒ. സി

കെ. സി. ബി. സി
മീഡിയ കമ്മീഷൻ

# നാടകം

FOR BOOKINGS AND MORE

Tickets Available
RS150 Reserved Ticket RS100 Normal Ticket


FR.ABRAHAM IRIMBINIKAL
99475 89442

MEDIA OFFICE 82810 54656

ഫെബ്രുവരി 8 ബുധൻ വൈകിട്ട് 6:00
പി. ഒ. സി പാലാരിവട്ടം

www.malankaralibrary.com





# ഉക്രൈൻ ജനത കരയുകയാണ്, ദുരിതങ്ങളുടെ കനൽ ചവിട്ടി ഒരു വർഷം !

**വാർത്ത**

**ആന്റണി ചടയംമുറി**

ഉക്രെയിനിനെ ആക്രമിച്ചത് സമാധാനം നിലനിർത്താനുള്ള റഷ്യയുടെ ശ്രമമാണെന്നാണ് പ്രസിഡണ്ട് വ്‌ളാദിമിർ പുടിൻ 2022 ഫെബ്രുവരി 24 ന് അവകാശപ്പെട്ടത്. യു എൻ ചാർട്ടറിലുള്ള എല്ലാ യുദ്ധക്കുറ്റങ്ങളും ഇതിനകം പുടിൻ ചെയ്തു കഴിഞ്ഞു. ഒരു കൊച്ചു രാജ്യം അവരുടെ അഖണ്ഡതയും സമാധാനവും നിലനിർത്താൻ പാടുപെടുമ്പോൾ, എല്ലാ ലോകരാഷ്ട്രങ്ങളും ആ രാജ്യത്തിന് ഹൃദയപൂർവമായ പിന്തുണ നൽകിയോ എന്ന സന്ദേഹമുയരുന്നുണ്ട്.

ഉക്രെയിൻ എന്ന രാജ്യത്തെ നിസ്സാരമായി കീഴടക്കാമെന്ന റഷ്യയുടെ അമിതമായ ആത്മ വിശ്വാസം പാളിയെങ്കിലും ആ കൊച്ചു രാജ്യത്തിലെ വൃദ്ധരും കുട്ടികളുമെല്ലാം ഇന്നും അനുഭവിച്ചുകൊണ്ടിരിക്കുന്ന യാതനകൾ വിവരണാതീതമാണ്.

2022 മെയ് 5 –ലെ കണക്കനുസരിച്ചു തന്നെ 55 ലക്ഷം ഉക്രെയിൻകാർക്ക് നാടുവിടേണ്ടി വന്നിരുന്നു. 70 ലക്ഷം പേർ ജനിച്ചു വീണ ഇടങ്ങളിൽ നിന്ന് പറിച്ചു മാറ്റപ്പെട്ടു. രണ്ട് ഉക്രെയിൻ കുട്ടികളിൽ ഒരാൾ എന്ന കണക്കിനാണ് കുഞ്ഞുങ്ങൾക്ക് നാടുവിടേണ്ടി വന്നത്. മരിയുപൂൾ സിറ്റിയിൽ ഒറ്റ ദിവസം തന്നെ റഷ്യ 100 ബോംബുകൾ വർഷിക്കുകയുണ്ടായി. യുദ്ധത്തിൽ നിന്ന് പലായനം ചെയ്യാൻ ഇരുകൂട്ടരും ഉഭയസമ്മത പ്രകാരം ഒരുക്കിയ റോഡുകൾ പോലും റഷ്യ ആക്രമിച്ച് നിരവധി പേരെ വധിച്ചു. 40, 000 ഉക്രെയിൻകാരെ റഷ്യ തട്ടിക്കൊണ്ടുപോയി.

ഏറ്റവുമധികം മനുഷ്യരെ യുദ്ധത്തിൽ വധിച്ച രാഷ്ട്ര നേതാവ് എന്ന അപമാനം വരും നാളുകളിൽ പുടിന്റെ തലയ്ക്കു മുകളിൽ എഴുതിച്ചേർക്കപ്പെടാം.

**ചിന്ത**

ഭൂത കാലത്തുനിന്നു വരുന്ന ഒരു ഭൂതമല്ല , പിന്നെയോ നിരന്തരമായ ഭീഷണിയാണ് യുദ്ധം.

**ഫ്രാൻസിസ് പാപ്പ (കർത്താവേ അങ്ങേക്ക് സ്തുതി – പേജ് 157)**

www.malankaralibrary.com

# കലൂർ സെന്റ് ആന്റണീസ് തീർത്ഥാടന കേന്ദ്രത്തിൽ
# വിശുദ്ധ അന്തോണീസിന്റെ അഴുകാത്ത നാവിന്റെ തിരുനാൾ

## അനുഗ്രഹ നവനാൾ നൊവേന
2023 ഫെബ്രുവരി 15 മുതൽ 23 വരെ



| | |
|---|---|
| ബുധൻ 15 ഫെബ്രുവരി 2023 | കുടുംബ സമാധാനത്തിനുവേണ്ടി<br>റവ. ഫാ. ജോംസൺ തോട്ടുങ്കൽ |
| വ്യാഴം 16 ഫെബ്രുവരി 2023 | വിവാഹ ജീവിതം ആഗ്രഹിക്കുന്നവർക്കുവേണ്ടി<br>റവ. ഫാ. ലാസർ സിൻറ്റോ തൈപ്പറമ്പിൽ |
| വെള്ളി 17 ഫെബ്രുവരി 2023 | വിദേശത്തും സ്വദേശത്തും ജോലിചെയ്യുന്നവർക്കുവേണ്ടി<br>റവ. ഫാ. ജോർജ്ജ് കളത്തിപറമ്പിൽ |
| ശനി 18 ഫെബ്രുവരി 2023 | വിദ്യാർത്ഥികൾക്ക് വേണ്ടി<br>റവ. ഫാ. ജോളി തപ്പലോടത്ത് |
| ഞായർ 19 ഫെബ്രുവരി 2023 | കുഞ്ഞുങ്ങൾ ഇല്ലാത്ത ദമ്പതികൾക്കുവേണ്ടി<br>റവ. ഫാ. ജോനാഥ് OFM |
| തിങ്കൾ 20 ഫെബ്രുവരി 2023 | ഭവന രഹിതർക്ക് വേണ്ടി<br>റവ. ഫാ. ജീൻ ഫെലിക്സ് കാട്ടാശ്ശേരി |
| ചൊവ്വ 21 ഫെബ്രുവരി 2023 | രോഗ സൗഖ്യത്തിനുവേണ്ടി<br>റവ. ഫാ. നെൽസൺ ജോബ് OCD |
| ബുധൻ 22 ഫെബ്രുവരി 2023 | ജോലി ലഭിക്കുന്നതിനുവേണ്ടി<br>റവ. ഫാ. ജോസഫ് തട്ടാരശ്ശേരി |
| വ്യാഴം 23 ഫെബ്രുവരി 2023 | സാമ്പത്തിക ക്ലേശം അനുഭവിക്കുന്നവർക്കുവേണ്ടി<br>റവ. ഫാ. റാൻസി കളപ്പുരയ്ക്കൽ O Carm |

## തിരുനാൾ തിരുക്കർമ്മങ്ങൾ

**വെള്ളി 24 ഫെബ്രുവരി 2023**

| | | |
|---|---|---|
| രാവിലെ | 06:30 | ദിവ്യബലി |
| വൈകിട്ട് | 05:00 | തിരുസ്വരൂപം എഴുന്നള്ളിച്ചു വയ്ക്കൽ |
| വൈകിട്ട് | 05:30 | കൊടികയറ്റം, ദിവ്യബലി, നൊവേന |
| മുഖ്യകാർമ്മികൻ | | മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപറമ്പിൽ (ആർച്ച് ബിഷപ്പ്, വരാപ്പുഴ അതിരൂപത) |
| വചനപ്രഘോഷണം | | റവ. ഫാ. എബി O Carm |

**ശനി 25 ഫെബ്രുവരി 2023**

| | | |
|---|---|---|
| രാവിലെ | 06:30 | ദിവ്യബലി |
| വൈകിട്ട് | 05:30 | ദിവ്യബലി, നൊവേന |
| മുഖ്യകാർമ്മികൻ | | വെരി റവ. മോൺ. മാത്യു കല്ലിങ്കൽ |
| വചനപ്രഘോഷണം | | റവ.ഫാ. യേശുദാസ് പഴമ്പിള്ളി |

**ഞായർ 26 ഫെബ്രുവരി 2023**

| | | |
|---|---|---|
| രാവിലെ | 07:00 | ദിവ്യബലി, നൊവേന |
| കാർമ്മികൻ | | റവ. ഫാ. ജെറോം ചമ്മിണികോടത്ത് |
| വചനപ്രഘോഷണം | | റവ. ഫാ. ജിബു തൈത്തറ |
| രാവിലെ | 11:00 | ദിവ്യബലി, നൊവേന |
| കാർമ്മികൻ | | റവ. ഫാ. എബിജിൻ അറക്കൽ |
| വചനപ്രഘോഷണം | | റവ. ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ |
| വൈകിട്ട് | 04:30 | ഗാന ശുശ്രൂഷ |
| | 05:00 | തിരുനാൾ ദിവ്യബലി, നൊവേന |
| മുഖ്യകാർമ്മികൻ | | മോസ്റ്റ് റവ. ഡോ. ഫ്രാൻസിസ് കല്ലറക്കൽ (ആർച്ച് ബിഷപ്പ് എമിരിത്തൂസ്, വരാപ്പുഴ അതിരൂപത) |
| വചനപ്രഘോഷണം | | റവ. ഫാ. ഡയസ് ആന്റണി |

തിരുനാൾ ആശംസകളോടെ

റവ. ഫാ. ജെറോം ചമ്മിണികോടത്ത്
റെക്ടർ

സഹവികാരിമാർ
റവ. ഫാ. അനിൽ ആന്റണി തെരുവിൽ
റവ. ഫാ. ജോസഫ് ആന്റണി പള്ളിപറമ്പിൽ
റവ. ഫാ. ആന്റണി പാസ്ക്കൽ തെരുവിപറമ്പിൽ

തത്സമയം തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ


- YouTube Kaloor St Antony
- Facebook Kaloor St Antony's Shrine
- st-antonykaloor.org

- ഓരോ ദിവസവും പ്രത്യേക നിയോഗങ്ങൾക്കായി പ്രാർത്ഥിക്കുന്നു.
- ദിവസവും രാവിലെ 6.15നും 10.45നും വൈകീട്ട് 5.00നും ദിവ്യബലിയും, നൊവേനയും, വൈകീട്ട് 4.00ന് നൊവേന മാത്രം. വൈകീട്ട് 6.30ന് ഇംഗ്ലീഷിൽ ദിവ്യബലിയും നൊവേനയും.
- ഫെബ്രുവരി 19 ഞായറാഴ്ച രാവിലെ 7.00നും, 11.00നും വൈകീട്ട് 5.00നും ദിവ്യബലിയും നൊവേനയും, വൈകീട്ട് 4.00ന് നൊവേന മാത്രം. വൈകീട്ട് 7.00ന് ഇംഗ്ലീഷിൽ ദിവ്യബലിയും നൊവേനയും



Phone: 0484-2530591, 2530592, email: kaloorstantony@gmail.com

VATHICAN THARANGAM
RN 55178/94
Total Pages 40 Date of Publication 30-01-2023
www.malankaralibrary.com




Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Abraham Irimbinikal.